## അടിസ്ഥാനപാഠാവലി

# മലയാളം

## സ്റ്റാൻഡേർഡ്

X

**കേരളസർക്കാർ**
**വിദ്യാഭ്യാസവകുപ്പ്**

*തയാറാക്കിയത്*

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**

**2011**

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

---

*Prepared by* :

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala

*Website* : www.scert.kerala.gov.in
*e-mail* : scertkerala@asianetindia.com
*Phone* : 0471 - 2341883, Fax : 0471 - 2341869
*First Edition* : 2011
*Typesetting* : SCERT
*Lay out* : SCERT
*Cover design* : SCERT
*Printed at* : KBPS, Kakkanad, Kochi
© Department of Education, Government of Kerala

പ്രിയ വിദ്യാർഥികളേ,

മലയാളഭാഷയെയും സാഹിത്യത്തെയും കുറിച്ച് കൂടുതൽ ഉൾക്കാഴ്ചയോടെ പഠിക്കാൻ അവസരം നൽകുന്ന വിധത്തിലാണ് പത്താം ക്ലാസിലെ പാഠ്യപദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. പ്രയോഗസന്ദർഭങ്ങളിൽ നിന്ന് ഭാഷാഘടനയുടെ സവിശേഷതകൾ തിരിച്ചറിയാനും വ്യത്യസ്തമാനദണ്ഡങ്ങൾ ഉപയോഗിച്ച് വിശകലനം ചെയ്യാനും നമുക്കു കഴിയണം. വൈവിധ്യമുള്ള രചനകളിൽ പരിചയം നേടുമ്പോഴാണ് അതു സാധ്യമാവുന്നത്. ആശയവിനിമയത്തിന്റെ വ്യത്യസ്തത അടുത്തറിയാൻ ഈ അന്വേഷണം സഹായകമാവും.

നമ്മുടെ സാംസ്കാരികപാരമ്പര്യത്തിന്റെയും മൂല്യസങ്കല്പങ്ങളുടെയും വേരുകൾ അന്വേഷിച്ചറിയുന്നതിന് സാഹിത്യപഠനം വഴിതെളിക്കുന്നു. സമകാലിക സാമൂഹ്യജീവിതത്തിലെ പ്രശ്നങ്ങളും പ്രതിസന്ധികളും ഈ പാഠപുസ്തകത്തിലെ രചനകൾ പ്രതിഫലിപ്പിക്കുന്നുണ്ട്.

വൈവിധ്യമുള്ള രചനകളും പ്രവർത്തനനിർദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് രൂപപ്പെടുത്തിയിട്ടുള്ള ഈ പാഠപുസ്തകം വിപുലവും വിശാലവുമായ ഭാഷാപഠനത്തിനു വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സ്നേഹാശംസകളോടെ,

**പ്രൊഫ. എം.എ. ഖാദർ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തക രചനാസമിതി

**അഡ്വൈസർ** : **കെ.പി. ശങ്കരൻ**, റീഡർ (റിട്ട.) റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ (എൻ.സി.ഇ.ആർ.ടി), മൈസൂർ

**ചെയർമാൻ** : **ഡോ. ഡി. ബഞ്ചമിൻ**, പ്രൊഫസർ & ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് (റിട്ട.) കേരള സർവകലാശാല

## അംഗങ്ങൾ

**അക്ബർ കക്കട്ടിൽ**, മെമ്പർ, അഡ്വൈസറി ബോർഡ്, കേന്ദ്ര സാഹിത്യ അക്കാദമി

**അഹമ്മദ് ഷെരീഫ്** ജി.എം.ആർ.എച്ച്.എസ്.എസ്. ഫോർ ഗേൾസ്, കാസറഗോഡ്

**ഉമ്മർ ടി. കെ**, ടാഗോർ വിദ്യാനികേതൻ ജി.എച്ച്.എസ്.എസ്. തളിപ്പറമ്പ്

**കടാങ്കോട് പ്രഭാകരൻ**, എഡിറ്റർ (റിട്ട.) കേരള സാഹിത്യ അക്കാദമി

**ചിത്ര സി.പി.**, ഡയറക്ടർ (റിട്ട.) ഹയർ സെക്കണ്ടറി വിദ്യാഭ്യാസം

**ജിനേഷ്കുമാർ എരമം**, ജി.എച്ച്.എസ്.എസ്., മടായി, പഴയങ്ങാടി പി.ഒ.

**ജോഷി ടി.കെ.**, ജി.എച്ച്.എസ്. തടത്തിൽപ്പറമ്പ്

**ദിനേശൻ പി.**, ജി.എച്ച്.എസ്.എസ്., എരുമപ്പെട്ടി.

**നാരായണമേനോൻ പി.**, പ്രൊഫസർ (റിട്ട.) കേരളവർമ കോളേജ്, തൃശ്ശൂർ

**പ്രകാശൻ പി.പി.**, ലക്ചറർ, ഗവ. കോളേജ്, പട്ടാമ്പി

**പ്രേമചന്ദ്രൻ പി.**, ജി.ജി. എച്ച്.എസ്.എസ്. പയ്യന്നൂർ

**മടവൂർ ശശി**, ടീച്ചർ (റിട്ട.) ജി.എം.ബി.എച്ച്.എസ്.എസ് തൈക്കാട്

**മണികണ്ഠദാസ് കെ.വി.**, എച്ച്.എസ്.എസ്. ചട്ടഞ്ചാൽ

**മോഹനൻ കെ.വി.**, ജി.ജി.എച്ച്.എസ്.എസ്., മഞ്ചേരി

**യഹിയ പി.**, ജി.വി.എച്ച്.എസ്.എസ്. പയ്യാനക്കൽ

**രാമൻ പി.**, ജി.ബി.എച്ച്.എസ്.എസ്. നെന്മാറ

**വിനോദ് വൈശാഖി**, ജനാർദനപുരം എച്ച്.എസ്.എസ്., ഒറ്റശേഖരമംഗലം

**ശ്രീജ ആർ.എസ്.**, വിക്ടറി ഗേൾസ് ഹൈസ്കൂൾ, നേമം

**ഡോ. സത്യനേശൻ പി.**, അസി.പ്രൊഫസർ (റിട്ട.) എസ്.സി.ഇ.ആർ.ടി.

**സാഹിർജാൻ എ.**, ജി.എച്ച്.എസ്.എസ്. പാളയംകുന്ന്

## ചിത്രരചന

• മദനൻ, ആർട്ട് എഡിറ്റർ, മാതൃഭൂമി. • കെ. ഷരീഫ്, ആർട്ടിസ്റ്റ്, മാതൃഭൂമി. • രാജചന്ദ്രൻ, ഗവ. വി.എച്ച്.എസ്. വർക്കല • രമേശൻ പി., ഇരിങ്ങന്നൂർ ഹയർ സെക്കണ്ടറി സ്കൂൾ. • ആലീസ്, മഹാമുദ്ര, ശാസ്തമംഗലം

## വിദഗ്ധസമിതി

ഒ.എൻ.വി. കുറുപ്പ്, പ്രൊഫസർ & ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് (റിട്ട.), ഗവൺമെന്റ് വിമൺസ് കോളേജ്, തിരുവനന്തപുരം

സുന്ദരം ധനുവച്ചപുരം, പ്രിൻസിപ്പൽ (റിട്ട.) യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

വി. മധുസൂദനൻ നായർ, പ്രൊഫസർ (റിട്ട.) സെന്റ് സേവ്യേഴ്സ് കോളേജ്, തുമ്പ, തിരുവനന്തപുരം

ഡോ. എസ്.കെ.വസന്തൻ, പ്രൊഫസർ (റിട്ട.), ശ്രീശങ്കര കോളേജ്, കാലടി

ഡോ. എം.എൻ. കാരശ്ശേരി, പ്രൊഫസർ, കോഴിക്കോട് സർവകലാശാല

ഡോ. ബി.വി.ശശികുമാർ, റീഡർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

ഡോ. കെ.എ. വാസുക്കുട്ടൻ, പ്രൊഫസർ (റിട്ട.) ഗവൺമെന്റ് വിമൺസ് കോളേജ്, തിരുവനന്തപുരം

ഡോ. എസ്.കെ. അനിൽ , ലക്ചറർ, കോഴിക്കോട് സർവകലാശാല

## അക്കാദമിക് കോഡിനേറ്റർ

**ഡോ. പി.കെ.തിലക്**, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.


സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


പേജ്

**1. വാക്കാം വർണക്കുട ചൂടി... ........ 07**

എന്റെ ഭാഷ ........ 08

വാക്കിന്റെ കൂടെരിയുന്നു ........ 09

സൗന്ദര്യപൂജ ........ 12

മലയാളം ........ 14

**2. വേണമീസ്നേഹബന്ധങ്ങളൂഴിയിൽ ........ 18**

കൊച്ചുദുഃഖങ്ങളുറങ്ങൂ! .... ........ 18

ബ്രഹ്മാലയം തുറക്കപ്പെട്ടു ........ 20

തോരാമഴ ........ 24

എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ ........ 25

**3. അലയും മലയും കടന്നവർ ........ 31**

ആടുജീവിതം ........ 31

ആസ്സാംപണിക്കാർ ........ 36

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് -**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;


(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യബാലകനോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

1

# വാക്കാം വർണക്കുടചൂടി...



**അ**ന്തിയിരുട്ടിൽ
ദിക്കുതെറ്റിയ പെൺപക്ഷി
തന്റെ കൂടിനെച്ചൊല്ലി
തന്റെ കുഞ്ഞിനെച്ചൊല്ലി
സംഭ്രമിച്ചു കരയുന്നു.

എനിക്കതിന്റെ കൂടറിയാം
കുഞ്ഞിനേയുമറിയാം
എന്നാൽ എനിക്കതിന്റെ
ഭാഷയറിയില്ലല്ലോ.


**വിധി** **കലാപ്രിയ**

**പരിഭാഷ : ആറ്റൂർ രവിവർമ**

'എനിക്കതിന്റെ ഭാഷയറിയില്ലല്ലോ' എന്ന കവിയുടെ വേവലാതിയുടെ പൊരുളെന്താവും? ചർച്ചചെയ്യുക.

# എന്റെ ഭാഷ

**വള്ളത്തോൾ**




**മി**ണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം-
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം,
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യന്നു പെറ്റമ്മ തൻഭാഷതാൻ.
മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണവളർച്ച നേടൂ.
അമ്മതാൻ തന്നെ പകർന്നുതരുമ്പൊഴേ
നമ്മൾക്കമൃതുമമൃതായ്ത്തോന്നൂ!
ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം.
ഹൃദ്യം സ്വഭാഷതൻ ശീകരമോരോന്നു-
മുൾത്തേനായ്ച്ചേരുന്നു ചിത്തതാരിൽ;
അന്യബിന്ദുക്കളോ, തൽബഹിർഭാഗമേ
മിന്നിച്ചുനിൽക്കുന്ന തൂമുത്തുകൾ.
ആദിമകാവ്യവും പഞ്ചമവേദവും
നീതിപ്പൊരുളുമുപനിഷത്തും
പാടി സ്വകീയരെ കേൾപ്പിച്ച കൈരളി
പാടവഹീനയെന്നാർ പറയും?
കൊണ്ടാടി നാനാവിചിന്തനതന്തുക്കൾ
കൊണ്ടാത്മഭാഷയെ വായ്പ്പിക്കായ്കിൽ
കേരളത്തിന്നീയിരുൾക്കുണ്ടിൽ നിന്നൊന്നു
കേറാൻ പിടിക്കയറെന്തു വേറെ?
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യന്നു പെറ്റമ്മ തൻഭാഷ താൻ.

**(സാഹിത്യമഞ്ജരി, ഏഴാംഭാഗം)**

- "കേരളത്തിന്നീയിരുൾക്കുണ്ടിൽ നിന്നൊന്നു
  കേറാൻ പിടിക്കയറെന്തു വേറെ?"
  എങ്ങനെയാണ് മാതൃഭാഷ ഇരുൾക്കുണ്ടിൽനിന്നു കരകയറാനുള്ള പിടിക്കയറായി ത്തീരുന്നത്?
- "മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
  മർത്ത്യന്നു പെറ്റമ്മ തൻഭാഷ താൻ."
  മാതൃഭാഷ പെറ്റമ്മയ്ക്കു തുല്യമാണെന്നാണല്ലോ കവി പറയുന്നത്. മാതൃഭാഷ എന്ന ആശയം 'എന്റെ ഭാഷ' എന്ന കവിതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുക.

# വാക്കിന്റെ കൂടെരിയുന്നു

ഗൂഗി വാ തിങാംഗോ

ശരീരത്തെ കീഴ്പ്പെടുത്താനേ വെടിയുണ്ടകൾക്കാവൂ. ആത്മീയമായ കീഴ്പ്പെടുത്തലിന്റെ മാധ്യമം ഭാഷയാണ്. ഭാഷയിലും സാഹിത്യത്തിലുമുള്ള എന്റെതന്നെ വിദ്യാഭ്യാസാനുഭവങ്ങളിൽനിന്ന് അതിന് ചില ഉദാഹരണങ്ങൾ നൽകാം.

ഞാനൊരു വലിയ കർഷകകുടുംബത്തിലാണ് ജനിച്ചത്. അച്ഛൻ, നാലു ഭാര്യമാർ, ഇരുപത്തിയെട്ടു മക്കൾ. അക്കാലത്തെ രീതിയിൽ വളർന്നു പന്തലിച്ച് ഒരു സമൂഹം പോലുള്ള കുടുംബം.

വയലുകളിൽ പണിയെടുത്തിരുന്ന ഞങ്ങൾ ഗികുയു സംസാരിച്ചു. വീടിനുള്ളിലും പുറത്തും ഞങ്ങൾ ഈ ഭാഷയാണ് സംസാരിച്ചിരുന്നത്. തീകൂട്ടി ചുറ്റുമിരുന്ന് കഥ കേട്ടിരുന്ന അക്കാലത്തെ സായാഹ്നങ്ങൾ എന്റെ ഓർമയിലുണ്ട്.



മുതിർന്നവർ കുട്ടികൾക്കായാണ് കഥകൾ പറഞ്ഞിരുന്നതെങ്കിലും എല്ലാവരും അത് ആസ്വദിച്ചിരുന്നു. ഞങ്ങൾ അടുത്ത ദിവസം മറ്റു കുട്ടികൾക്ക് ആ കഥകൾ പറഞ്ഞുകൊടുക്കും. യൂറോപ്പുകാരുടെയും ആഫ്രിക്കൻ ജന്മികളുടെയും പാടങ്ങളിലും പൂന്തോട്ടങ്ങളിലും പണിയെടുത്തിരുന്നവരായിരുന്നു ആ കുട്ടികൾ.

ഗികുയുവിൽ പറഞ്ഞുതന്ന മിക്ക കഥകളിലും മൃഗങ്ങളാണ് കഥാപാത്രങ്ങൾ. ചെറിയവനും ദുർബലനുമെങ്കിലും സൂത്രശാലിയായ മുയലായിരുന്നു ഞങ്ങളുടെ നായകൻ. സിംഹം, പുള്ളിപ്പുലി, കഴുതപ്പുലി തുടങ്ങിയ ക്രൂരമൃഗങ്ങൾക്കെതിരേ പോരാടുന്ന മുയലിനെ നായകനായി ഞങ്ങൾ അംഗീകരിച്ചു. അവന്റെ വിജയങ്ങൾ ഞങ്ങളുടെ വിജയങ്ങളായിരുന്നു. അവനിൽ നിന്നു ഞങ്ങൾ ഒരു പാഠം ഗ്രഹിച്ചു: ശക്തനെ ദുർബലന് ബുദ്ധികൊണ്ട് തോൽപ്പിക്കാം. വരൾച്ച, അതിവർഷം, സൂര്യതാപം, ശക്തമായ കാറ്റ് തുടങ്ങിയവ നേരിടുന്ന മൃഗങ്ങളെ ഞങ്ങൾ പിൻതുടർന്നു. പ്രകൃതിയുമായുള്ള ഇത്തരം ഏറ്റുമുട്ടൽ മിക്കപ്പോഴും സഹകരണത്തിന്റെ പുതിയ വഴികൾ തേടാൻ കഥകളിലെ ദുർബലരെ പ്രേരിപ്പിച്ചിരുന്നു. അവർക്കിടയിലെ പോരാട്ടങ്ങളും ഞങ്ങളെ രസിപ്പിച്ചു, പ്രത്യേകിച്ച് മൃഗങ്ങളും ഇരകളും തമ്മിലുള്ള പോരാട്ടം. പ്രകൃതിക്കും മൃഗങ്ങൾക്കുമെതിരേയുള്ള ഇരട്ടപ്പോരാട്ടം മനുഷ്യലോകത്തിന്റെ യഥാർഥ ജീവിതപ്പോരാട്ടങ്ങളെയാണു പ്രതിഫലിപ്പിച്ചത്.

മനുഷ്യൻ മുഖ്യകഥാപാത്രമായ കഥകളും ഞങ്ങൾ വിട്ടുകളഞ്ഞില്ല. മനുഷ്യനെ കേന്ദ്രീകരിച്ചുള്ള കഥകളിൽ രണ്ടുതരം കഥാപാത്രങ്ങളാണുണ്ടായിരുന്നത്. ധീരത, കാരുണ്യം,

തിന്മയോടുള്ള എതിർപ്പ്, സഹാനുഭൂതി തുടങ്ങിയ സ്വഭാവസവിശേഷതകളുള്ളവരായിരുന്നു ഒരു വിഭാഗം. രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നവർ ആർത്തി, സ്വാർഥത, ഞാനെന്ന ഭാവം, സഹകരണത്തോടുള്ള വെറുപ്പ് എന്നിവയുള്ളവരായിരുന്നു. ആത്യന്തികമായ നന്മ സഹകരണമാണ്; അതായിരുന്നു സ്ഥിരമായ പ്രമേയവും. രാക്ഷസന്മാർക്കും ഇരതേടുന്ന മൃഗങ്ങൾക്കുമെതിരേ മനുഷ്യനും മൃഗങ്ങളും ഒന്നിക്കുന്ന കഥകൾ.

നന്നായും മോശമായും കഥപറയുന്നവർ അവിടെ ഉണ്ടായിരുന്നു. അവർ ശ്രോതാക്കൾക്ക് പുതിയ അനുഭൂതി പകർന്നുകൊണ്ടിരിക്കും. മറ്റാരോ പറഞ്ഞ കഥ അവർക്ക് കൂടുതൽ നാടകീയമായി അവതരിപ്പിക്കാൻ കഴിഞ്ഞു. വാക്കുകളുടെയും ബിംബങ്ങളുടെയും ഉപയോഗത്തിലും വിവിധ സ്വരങ്ങൾ സൃഷ്ടിക്കുന്ന ശബ്ദക്രമീകരണത്തിലും അവർ വ്യത്യസ്തത പുലർത്തി. അതിനാൽ ഞങ്ങൾ വാക്കുകളുടെ അർഥത്തിനും അവയുടെ വ്യത്യസ്തമാനങ്ങൾക്കും വലിയ മൂല്യം കല്പിച്ചു. വാക്കുകൾ വെറുതെ കോർത്തിട്ട ചരടല്ല ഭാഷ. വാക്കുകൾ കൊണ്ടുള്ള കളികളിലൂടെ, കടങ്കഥകളിലൂടെ, പഴഞ്ചൊല്ലുകളിലൂടെ, അക്ഷരങ്ങളുടെ മറിച്ചുചൊല്ലലുകളിലൂടെ ഭാഷയുടെ വശീകരണശക്തി ഞങ്ങൾക്ക് ഗ്രഹിക്കാൻ കഴിഞ്ഞു. ഉള്ളടക്കത്തിനപ്പുറം വിഹരിക്കുന്ന ഭാഷയുടെ സംഗീതം ഞങ്ങൾ അങ്ങനെ മനസ്സിലാക്കി. ബിംബങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ഭാഷ ഞങ്ങൾക്ക് ലോകത്തിന്റെ കാഴ്ച സമ്മാനിച്ചു. അവയ്ക്ക് അവയുടേതായ സൗന്ദര്യമുണ്ടായിരുന്നു. അങ്ങനെ വീടും വയലും ഞങ്ങൾക്ക് പ്രാഥമികവിദ്യാലയങ്ങളായി.

പിന്നെ ഞാൻ സ്കൂളിൽ ചേർന്നു – ഒരു കൊളോണിയൽ സ്കൂൾ. അതോടെ ഈ സ്വരച്ചേർച്ച ഇല്ലാതായി. എന്റെ വിദ്യാഭ്യാസത്തിന്റെ ഭാഷ എന്റെ സംസ്കാരത്തിന്റെ ഭാഷയായിരുന്നില്ല. സുവിശേഷകർ നടത്തിയ കമാന്തരയിലാണ് ഞാൻ പഠിക്കാൻ ചെന്നത്. പിന്നീട് ഞാൻ, ഗികുയു സ്വാതന്ത്ര്യവാദികളും കരിംഗ സ്കൂൾ അസോസിയേഷനും നടത്തിയ മാൻഗുഗ വിദ്യാലയത്തിൽ ചേർന്നു. എനിക്ക് ആദ്യമായി നീണ്ട കൈയടിയിലൂടെ അംഗീകാരം ലഭിച്ചത് ഗികുയു ഭാഷയിൽ ഞാൻ എഴുതിയ രചനയ്ക്കാണ്. ഈ കാലത്ത് എന്റെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഷയും ലിമ്രു കർഷകസമൂഹത്തിന്റെ ഭാഷയും തമ്മിൽ പൊരുത്തപ്പെട്ടു.

1952 –ൽ കെനിയയിൽ അധിനിവേശഭരണകൂടം അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതോടെ സ്വരാജ്യസ്നേഹികളായ ദേശീയവാദികൾ നടത്തിയിരുന്ന വിദ്യാലയങ്ങൾ ഇംഗ്ലീഷുകാരുടെ മേൽനോട്ടത്തിലുള്ള വിദ്യാഭ്യാസബോർഡുകളുടെ കീഴിൽ കൊണ്ടുവന്നു. വീണ്ടും എന്റെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഷ ഇംഗ്ലീഷ് ആയിത്തീർന്നു. കെനിയയിൽ ഇംഗ്ലീഷിന് ഒരു ഭാഷയെന്നതിനേക്കാൾ വലിയ പ്രാധാന്യം ഉണ്ടായി.

സ്കൂൾ പരിസരത്ത് എവിടെയെങ്കിലും വച്ച് ഗികുയു ഭാഷയിൽ സംസാരിച്ചു എന്ന കുറ്റത്തിന് പിടിക്കപ്പെടുന്നത് ഏറ്റവും തരംതാണതും ലജ്ജാവഹവുമായ അനുഭവങ്ങളിലൊന്നായി മാറി. കുറ്റവാളികൾക്ക് ശാരീരികപീഡ നൽകിയിരുന്നു. അതിനുപുറമെ ഒടുക്കാൻ കഴിയാത്ത പിഴയും. അധ്യാപകർ എങ്ങനെയായിരുന്നു ഈ കുറ്റവാളികളെ പിടികൂടിയിരുന്നത്? ആദ്യം ഒരു കുട്ടിക്ക് ഒരു ബട്ടൺ സമ്മാനിക്കും. മാതൃഭാഷയിൽ സംസാരിക്കുന്ന കുട്ടിക്ക് അവനത് കൈമാറണം. അങ്ങനെ ഈ ബട്ടൺ ലഭിച്ച എല്ലാ കുട്ടികളും വൈകുന്നേരം ഒരുമിച്ച് ആരുടെ കൈയിൽ നിന്നാണ് തങ്ങൾക്ക് ബട്ടൺ ലഭിച്ചത് എന്ന് വെളിപ്പെടുത്തുന്നു. അതോടെ കുറ്റവാളികൾ മുഴുവൻ പിടിക്കപ്പെടുന്നു. ഈ പ്രക്രിയ കുട്ടികൾക്ക് കുറ്റവാളികളെ പിടികൂടാനുള്ള താല്പര്യം വളർത്തി. കൂടാതെ രാജ്യദ്രോഹിയായാൽ വന്നുഭവിക്കാവുന്ന നഷ്ടങ്ങളെക്കുറിച്ചും കുട്ടികൾക്കു ബോധമുണ്ടാവുന്നു. ഇംഗ്ലീഷ് എഴുതുന്നതിലോ സംസാരിക്കുന്നതിലോ മികവു പ്രകടിപ്പിച്ചാൽ അതിന് വലിയ സമ്മാനങ്ങൾ, അഭിനന്ദനം, കരഘോഷം, ഉയർന്ന മണ്ഡലങ്ങളിലേക്കുള്ള പ്രവേശനാനുമതി തുടങ്ങിയവ ലഭിച്ചിരുന്നു. ബുദ്ധിശക്തിയിലും കലയിലും ശാസ്ത്രത്തിലും വിജ്ഞാനത്തിന്റെ എല്ലാ മണ്ഡലങ്ങ

ളിലും കഴിവിന്റെ അളവുകോൽ ഇംഗ്ലീഷ് ഭാഷയായിത്തീർന്നു. കോളനിവാഴ്ചക്കാലത്തെ വിദ്യാഭ്യാസസംവിധാനത്തിന് വർണവിവേചനസ്വഭാവം ഉണ്ടായിരുന്നു.

പ്രാഥമികവിദ്യാഭ്യാസത്തിൽ നിന്ന് രണ്ടാംഘട്ട വിദ്യാഭ്യാസത്തിന് വിദ്യാർഥികളെ തിരഞ്ഞെടുത്തിരുന്നത് പരീക്ഷയിലൂടെയാണ്. എന്റെ പഠനകാലത്ത് ആ പരീക്ഷയെ കെനിയ ആഫ്രിക്കൻ പ്രാരംഭപരീക്ഷ എന്നു വിളിച്ചിരുന്നു. ആ പരീക്ഷയിൽ ജയിക്കുന്നതിന് ഗണിതശാസ്ത്രം മുതൽ പ്രകൃതിപഠനം വരെയും കിസ്വാഹിലി ഭാഷയും ഉൾപ്പെടെ ആറു വിഷയങ്ങളിൽ വിജയിക്കണം. എല്ലാ വിഷയങ്ങളും ഇംഗ്ലീഷിൽ എഴുതണം. ഇംഗ്ലീഷ് ഭാഷയിൽ തോൽക്കുന്ന ആർക്കുംതന്നെ പരീക്ഷയിൽ ജയിക്കാൻ കഴിയുമായിരുന്നില്ല.

മറ്റുള്ള വിഷയങ്ങൾക്ക് എത്രതന്നെ മാർക്ക് നേടിയാലും ഇംഗ്ലീഷിൽ മികവുകാട്ടിയാൽ മാത്രമേ ബിരുദവിദ്യാർഥി അണിയേണ്ട ചുവപ്പ് ഗൗൺ ലഭിക്കുമായിരുന്നുള്ളൂ. ഇംഗ്ലീഷിന് വിജയം മാത്രം പോരാ! ഇംഗ്ലീഷിൽ അനിതരസാധാരണ വിജയം കൈവരിച്ചാൽ മാത്രമേ ഈ പിരമിഡിന്റെ ഏറ്റവും അസൂയാവഹമായ സ്ഥാനത്ത് എത്തിച്ചേരാൻ ആവുകയുള്ളൂ. ഇംഗ്ലീഷിൽ യോഗ്യതാപത്രം ലഭിച്ച വ്യക്തികൾക്കേ വിശിഷ്ടമായ സ്ഥാനങ്ങൾ അലങ്കരിക്കാൻ സാധിക്കുകയുള്ളൂ. അധിനിവേശ സാമ്രാജ്യത്തിന്റെ ഉന്നതങ്ങളിൽ എത്താനുള്ള ഒരേയൊരു ഉപായം ഇംഗ്ലീഷ് ഭാഷയായിരുന്നു.

ഈ ഭാഷ ആധിപത്യം ഉറപ്പിച്ചതോടൊപ്പം സാഹിത്യപഠനം ഏതുവിധത്തിൽ വേണമെന്ന് ആത്യന്തികമായി തീരുമാനിക്കുന്ന ശക്തിയായും അത് മാറി. കെനിയൻ വാമൊഴികളിലൂടെയുള്ള ഭാഷാപഠനം നിർത്തലാക്കി. പ്രാഥമിക വിദ്യാലയത്തിൽവച്ച് പ്രശസ്ത ആംഗലസാഹിത്യകാരന്മാരുടെ ലളിതമാക്കിയ കൃതികൾ വായിക്കാൻ എനിക്ക് അവസരം ലഭിച്ചു. ഒലിവർ ട്വിസ്റ്റ് പോലുള്ള കൃതികൾ ഭാവനയുടെ ലോകത്തിലെ കൂട്ടുകാരായി ദിവസവും എന്റെ കൂടെയുണ്ടായിരുന്നു. സെക്കണ്ടറി സ്കൂളിൽ കൂടുതൽ ഗൗരവമുള്ള ഇംഗ്ലീഷ് കൃതികൾ വായിച്ചു. ക്രമേണ സ്വന്തം ഭാഷയും സാഹിത്യവും ഞങ്ങൾക്ക് അന്യമായിത്തീർന്നു.

അധിനിവേശസംവിധാനം എന്താണ് ഞങ്ങളെപ്പോലുള്ള കെനിയൻ കുട്ടികളിൽ ചെയ്തത്? ഒരുവശത്ത് ഞങ്ങളുടെ ഭാഷകളെയും സാഹിത്യങ്ങളെയും അടിച്ചമർത്തി. മറുവശത്ത് ഇംഗ്ലീഷ് ഭാഷയെയും സാഹിത്യത്തെയും ആകാശത്തോളം ഉയർത്തുകയും ചെയ്തു. അതിന്റെ പ്രത്യാഘാതം വലുതായിരുന്നു.

**ഡികോളണൈസിങ് ദി മൈൻഡ്**
വിവർത്തകർ: *ബിജുരാജ്, ബിനു ഇടനാട്*

- നിങ്ങൾക്കറിയാവുന്ന ഒരു നാടോടിക്കഥ ക്ലാസിൽ അവതരിപ്പിക്കുക. അവതരണശൈലി കഥയുടെ ഭാവവുമായി ബന്ധപ്പെടുത്തി ചർച്ചചെയ്യുക.
- നിങ്ങളുടെ പ്രദേശത്തു മാത്രം പ്രചാരത്തിലുള്ള ഏതാനും വാക്കുകൾ കണ്ടെത്തി അവയ്ക്ക് അർഥവിവരണം നൽകി അവതരിപ്പിക്കുക.
- "ശരീരത്തെ കീഴ്പ്പെടുത്താനേ വെടിയുണ്ടകൾക്കാവൂ. ആത്മീയമായ കീഴ്പ്പെടുത്തലിന്റെ മാധ്യമം ഭാഷയാണ്" - ഈ അഭിപ്രായം വിശകലനംചെയ്ത് കുറിപ്പ് തയാറാക്കുക.
- സ്കൂൾപരിസരത്തുവച്ച് ഗികുയു ഭാഷ സംസാരിച്ചാൽ ശിക്ഷിക്കപ്പെടുന്ന അനുഭവം വായിച്ചല്ലോ. സ്കൂളിൽ മലയാളം സംസാരിച്ചതിന് പിഴ ഈടാക്കിയ അനുഭവം കേരളത്തിലുമുണ്ട്. നമ്മുടെ ഭാഷയെ അപമാനിക്കുന്നത് നാം തന്നെയല്ലേ? പ്രതികരണക്കുറിപ്പെഴുതുക.

# സൗന്ദര്യപൂജ

പി. കുഞ്ഞിരാമൻനായർ



**കു**ളിച്ചു പൂപ്പൊലിപ്പാട്ടിൽ
വിളിച്ചു മലനാടിനെ:
ഒളിച്ചു പൂക്കളംതീർത്തു
കളിച്ച പുലർവേളകൾ.

പറന്നുപോയ്പഞ്ചവർണ-
ക്കിളിക്കൂട്ടങ്ങൾപോലവേ,
കുന്നിൻചെരുവിലോണപ്പൂ-
ക്കുമ്പിളേന്തിയ സന്ധ്യകൾ.

കാവിമണ്ണിഴുകുംകൊമ്പു
കുലുക്കിത്താടയാട്ടിയും,
കുതിച്ചുപാഞ്ഞൂ ചിങ്ങപ്പൂ-
ത്തേരിൽപ്പൂട്ടിയ കാളകൾ.

കണ്ണീരണിഞ്ഞു കുഗ്രാമ-
ലക്ഷ്മിനോക്കിയിരിക്കവെ,
കേവഞ്ചികേറിപ്പോയോണ-
വെണ്ണിലാവണിരാവുകൾ.

കസ്തൂരിക്കുറിപൂശുന്ന
വരമ്പിൻ വക്കിലൊക്കെയും
കാൽവെപ്പിനാൽ പൂനിരത്തീ
രമ്യശാരദകന്യക.

സത്വവെണ്മയെഴും കന്നി
വാനിൽച്ചുറ്റിപ്പറക്കവേ,
പൂമണിച്ചിറകിൻകാറ്റി-
ലാടീ സ്വർഗീയസൗഭഗം!

നിശതൻ ഖണ്ഡകാവ്യങ്ങൾ
തിരുത്തും സൂര്യരശ്മികൾ
നിർമിച്ചു തൂവലിൻതുമ്പാൽ
ഭാവനാമണിപത്തനം!

സത്യപ്രകൃതിദീപത്തിൽ-
ക്കത്തും പൊൻതിരിപോലവേ,
അരിവാളേന്തിനിൽക്കുന്നൂ
കന്നി-കർഷകകന്യക.

കുളുർക്കെയവൾ നോക്കുമ്പോൾ
പൂത്തൂ വിൺപിച്ചകച്ചെടി
അവൾ നീരാടവേ നീല-
ദർപ്പണം പാഴ്ച്ചളിക്കുളം!

**(പൂക്കളം)**

- “പറന്നുപോയ്പഞ്ചവർണ-
  ക്കിളിക്കൂട്ടങ്ങൾപോലവേ,
  കുന്നിൻചെരുവിലോണപ്പൂ-
  ക്കുമ്പിളേന്തിയ സന്ധ്യകൾ.”

  “കണ്ണീരണിഞ്ഞു കുഗ്രാമ-
  ലക്ഷ്മിനോക്കിയിരിക്കവെ
  കേവഞ്ചികേറിപ്പോയോണ-
  വെണ്ണിലാവണിരാവുകൾ.”

  പ്രകൃതിയിൽ കവി തെളിയിച്ചെടുക്കുന്ന മനുഷ്യഭാവങ്ങൾ എന്തെല്ലാമാണ്? പ്രകൃതി വർണനകളെ എങ്ങനെയാണ് അവ ജീവത്താക്കുന്നത്?

- “കുളിച്ചു പൂപ്പൊലിപ്പാട്ടിൽ
  വിളിച്ചുമലനാടിനെ
  ഒളിച്ചു പൂക്കളംതീർത്തു
  കളിച്ച പുലർവേളകൾ.”

  അടിവരയിട്ട പദത്തിനു പകരം മറ്റൊരു പദം കണ്ടെത്താമോ? നിങ്ങൾ കണ്ടെത്തിയ പദം കവിതയുടെ താളത്തിനും ഭാവത്തിനും ഇണങ്ങുന്നതാണോ? ചർച്ചചെയ്യുക.

- കേരളത്തിന്റെ പ്രകൃതിസൗന്ദര്യം പോലെത്തന്നെ ഭാഷയുടെ സൗന്ദര്യവും നശിച്ചു കൊണ്ടിരിക്കുകയാണോ? ചർച്ചചെയ്യുക.

•

# മലയാളം

**സച്ചിദാനന്ദൻ**

**ഭൂ**മിയുടെ പുഴകൾക്കും കനികൾക്കും മുമ്പേ
എന്നെ അമൃതൂട്ടിയിരുന്ന പൊക്കിൾക്കൊടി
വേദനയുടെ ധന്യമൂർച്ഛയിൽ സ്വയം വളർന്ന്
എന്നെ ഉലുവയുടെയും വെളുത്തുള്ളിയുടെയും
തീക്ഷ്ണ സുഗന്ധങ്ങളിലേക്കാനയിച്ചവൾ
വെളിച്ചത്തിന്റെ അപ്പൂപ്പൻതാടികൾകൊണ്ട്
ഉണ്ണിയുടലിലെ ഈറ്റുചോര തുടച്ച്
മാമ്പൂമണത്തിൽ സ്നാനപ്പെടുത്തിയവൾ
പൊന്നും വയമ്പും കൊണ്ട് എന്റെ നാവിൻതുമ്പിൽ
ഖനികളുടെ ആഴവും വനങ്ങളുടെ സാന്ദ്രതയും പകർന്നവൾ
ഇരയിമ്മന്റെ താരാട്ടും ഉണ്ണായിയുടെ പദങ്ങളും കൊണ്ട്
എന്നെ സ്വപ്നങ്ങളിലേക്കുറക്കിക്കിടത്തിയവൾ
വിരൽത്തുമ്പിൽപ്പിടിച്ച് മണലിന്റെ വെള്ളിക്കൊമ്പിൽ
ഹരിശ്രീയുടെ രാജമല്ലികൾ വിടർത്തിയവൾ
അച്ഛനോടും സൂര്യനോടുമൊപ്പം കിഴക്കുപുറത്തുദിച്ച്
വ്യാകരണവും കവിതയും കാട്ടി



എന്നെ ഭയപ്പെടുത്തി പ്രലോഭിപ്പിച്ചവൾ
എന്റെ സ്ളെയ്റ്റിൽ വിടർന്ന വടിവുറ്റ മഴവില്ല്
എന്റെ പുസ്തകത്താളിൽ പെറ്റുപെരുകിയ മയിൽപ്പീലി
എന്റെ ചുണ്ടുകളിലെ മധുരച്ചവർപ്പുറ്റ ഇലഞ്ഞിപ്പഴം
വഴിയരികിൽ ഞാൻ കേട്ടുവളർന്ന നിരന്തര ഖരഹരപ്രിയ
സ്വരങ്ങളിലൂടെ തേനും വ്യഞ്ജനങ്ങളിലൂടെ ഇരുമ്പുമൊഴുക്കുന്ന
അമ്പത്തൊന്നു കമ്പികളുള്ള വീണ
ഞാറ്റുവേലയിൽനിന്നു ഞാറ്റുവേലയിലേക്കു പോകുന്ന
കിളിപ്പാട്ടിന്റെ കുലുങ്ങുന്ന തൂക്കുപാലം
അറിവും ആടലോടകവും മണക്കുന്ന
പഴമൊഴികളുടെ നിറനിലാവ്
പാമ്പിൻമാളങ്ങൾ നിറഞ്ഞ കടങ്കഥകളുടെ
നൂണുപോകേണ്ട മൈലാഞ്ചിവഴികൾ
സന്ധ്യകളിൽ അഗ്നിവിശുദ്ധയായി
കനകപ്രഭ ചൊരിഞ്ഞ എഴുത്തച്ഛന്റെ സീതാമാതാവ്
പച്ചയും കിരീടവുമണിഞ്ഞ് അരമണിയും ചിലമ്പും കിലുക്കി
ഞങ്ങൾ നേടിയ വാടാത്ത കല്യാണസൗഗന്ധികം
ഉത്സവപ്പിറ്റേന്നത്തെ പുലരിമയക്കത്തിൽ
ചേങ്കിലമുഴക്കത്തോടൊപ്പം കാതുകളിൽ പൂത്തുനിന്ന
സാമ്യമകന്നോരുദ്യാനം
ക്ഷീരസാഗരശയനന്റെ നാഭിയിൽ മുളയെടുത്ത
സ്വാതിയുടെ സംഗീതസരോരുഹം
ആലിൻചോട്ടിലെ എണ്ണമറ്റ മേളത്തിരകളിൽ
ആലിലയിൽ പൊന്തിക്കിടന്ന ചൈതന്യം
സോളമന്റെ താഴ്വരയിലെ ഹംസശുഭ്രയായ ലില്ലി
മോശയ്ക്കൊപ്പം പ്രവചിച്ചവൾ, ദാവീദിനോടൊത്ത്
കാളക്കൂറ്റന്മാരുടെ കൊമ്പിൽനിന്നു കരഞ്ഞവൾ,
പുറപ്പെട്ടവൾ, ക്രൂശിക്കപ്പെട്ടവൾ, ഉയിർത്തെഴുന്നേറ്റവൾ,
മലയാളം.

**'മലയാളം' എന്ന കവിതയുടെ ആദ്യഖണ്ഡം**
**(തെരഞ്ഞെടുത്ത കവിതകൾ 1965 – 1998)**

- "എന്റെ സ്ളെയ്റ്റിൽ വിടർന്ന വടിവുറ്റ മഴവില്ല്
എന്റെ പുസ്തകത്താളിൽ പെറ്റുപെരുകിയ മയിൽപ്പീലി"

മാതൃഭാഷ പകർന്ന അനുഭൂതിയാണ് കവി ഇവിടെ ആവിഷ്കരിച്ചത്. നമുക്ക് സ്വന്തം ഭാഷ പ്രിയങ്കരമാവുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്യുക.

- "അറിവും ആടലോടകവും മണക്കുന്ന
പഴമൊഴികളുടെ നിറനിലാവ്
പാമ്പിൻമാളങ്ങൾ നിറഞ്ഞ കടങ്കഥകളുടെ
നൂണുപോകേണ്ട മൈലാഞ്ചിവഴികൾ"

  പഴമൊഴികളുടെയും കടങ്കഥകളുടെയും എന്തെല്ലാം പ്രത്യേകതകളാണ് അടിവരയിട്ട പദങ്ങൾ കൊണ്ടു സൂചിപ്പിച്ചിരിക്കുന്നത്? നിങ്ങൾക്കു പരിചയമുള്ള പഴമൊഴികളും കടങ്കഥകളും ഉദാഹരിച്ചു വിവരിക്കുക.

- "അച്ഛനും അമ്മയും പ്രണയിച്ച
ഭാഷ മലയാളം
കുമ്പിളിൽ കഞ്ഞി, വിശപ്പാറ്റുവാൻ
വാക്കുതന്ന മലയാളം
പെങ്ങളോടെല്ലാം പറഞ്ഞു തളിർക്കുവാൻ
വന്ന മലയാളം
കൂലി പോരെന്നതറിഞ്ഞു പിണങ്ങുവാൻ
ആയുധം തന്ന മലയാളം." (അമ്മമലയാളം-കുരീപ്പുഴ ശ്രീകുമാർ)

- "എന്നെയുറക്കാൻ കിടത്തുമ്പൊഴും മെല്ലെ-
മെല്ലെയിരുട്ടിന്നുമപ്പുറം പ്രളയത്തി-
ലൊന്നായലിയിച്ചെടുക്കുമ്പൊഴും, പിന്നെ
ഞാനറിയാതെ വിളിച്ചുണർത്തുമ്പൊഴും
എന്തിനെന്നില്ലാതെയുദയഗതി വിലയങ്ങ-
ളെന്നിലൂടെന്നുമാവർത്തിച്ചിടുമ്പൊഴും
വാക്കെന്റെയമ്മയുമച്ഛനുമാകുന്നു
വാക്കിൻ വിരൽ തൂങ്ങിയല്ലോ നടക്കുന്നു." (വാക്ക്-വി. മധുസൂദനൻനായർ)

- "അച്ഛനോടും സൂര്യനോടുമൊപ്പം കിഴക്കുപുറത്തുദിച്ച്
വ്യാകരണവും കവിതയും കാട്ടി
എന്നെ ഭയപ്പെടുത്തി പ്രലോഭിപ്പിച്ചവൾ" (മലയാളം-സച്ചിദാനന്ദൻ)

കവിതാഭാഗങ്ങൾ വിശകലനം ചെയ്ത് ഭാഷയോട് കവികൾക്കുള്ള വീക്ഷണം വിലയിരുത്തുക.

- "ചേങ്കിലമുഴക്കത്തോടൊപ്പം കാതുകളിൽ പൂത്തുനിന്ന സാമ്യമകന്നോരുദ്യാനം"

  ചേങ്കിലയുടെ മുഴക്കം എന്നതിനുപകരം 'ചേങ്കിലമുഴക്കം' എന്ന് കവി ഇവിടെ പ്രയോഗിച്ചതെന്തുകൊണ്ടാവാം? ചർച്ചചെയ്യുക. സമാനമായ പ്രയോഗങ്ങൾ കണ്ടെത്തി പ്രത്യേകതകൾ വിവരിക്കുക.

  - "ആദം നീയെവിടെത്തെ'ന്നരുൾ ചെയ്ത
നാദംകേട്ടു കുലുങ്ങി പറുദീസ
ആദവുമഴകേറിയ ഭാര്യയും
ഭീതിപൂണ്ടു ഭ്രമിച്ചുവിറച്ചുടൻ
ദൈവകല്പനാനാദങ്ങൾ കേട്ടപ്പോൾ
ദൈവികമുള്ളിൽ പുക്കുടനാദവും

ദൈവന്യായം കടന്നതു ചിന്തിച്ചു
ദൈവമേ! പിഴച്ചെന്നവൻ തേറിനാൻ
നാണമെന്തെന്നറിയാത്ത മാനുഷർ
നാണിച്ചു പത്രവസ്ത്രം ധരിച്ചുടൻ
ചെയ്തദോഷത്തിന്നുത്തരമപ്പൊഴേ
സുതാപത്തോടനുഭവിച്ചാരവർ
വമ്പുമോഹിച്ചസുരനോടൊന്നിച്ചു
പാമ്പുമാനുഷരെ ചതിചെയ്കയാൽ
പാമ്പിനെ സകലേശൻ ശപിച്ചുടൻ
വൻപക മാനുഷർക്കാക്കി കല്പിച്ചു."

18– ാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ ജർമൻ മിഷനറിയായ അർണോസുപാതിരിയുടെ 'കൂതാശപ്പാന' എന്ന കൃതിയിലെ ഒരു ഭാഗമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഇതിലെ ഭാഷാരീതി ഇന്നത്തെ ഭാഷാരീതിയുമായി താരതമ്യം ചെയ്ത് കുറിപ്പെഴുതുക.

•

2

# വേണമീസ്നേഹബന്ധങ്ങളൂഴിയിൽ



## കൊച്ചുദുഃഖങ്ങളുറങ്ങൂ...!

**ഒ.എൻ.വി. കുറുപ്പ്**

**ശ്രാ**വണപുഷ്പങ്ങൾ കാതോർത്തു നിൽക്കുന്നൊ-
രീവഴിത്താരയിലൂടേ,

ഒക്കത്തുപാട്ടിന്റെ തേൻകുടമേന്തി നീ-
യെത്തിയില്ല;ന്തി മയങ്ങീ!...

പെൺകൊടീ, നീ മണിത്തംബുരുവാക്കുമാ-
മൺകുടമിന്നാർക്കു വിറ്റൂ?

നാവേറും കണ്ണേറുമേൽക്കാതെയീ മല-
നാടിനെപ്പോറ്റുന്ന ഗാനം

നാഗഫണം വിതിർത്താടിയ പുള്ളുവ-
വീണയിന്നെന്തേ മയങ്ങീ?

"പാടുക വീണ്ടു" മെന്നോതുന്നു വീർപ്പിട്ടു
പാതിരാപ്പൂവിന്റെ മൗനം.

നീട്ടുന്നു രാവുകൾ വെണ്ണിലാവിന്നിള-
ന്നീർക്കുടം: "മൊത്തിക്കുടിക്കൂ!"

തൊട്ടുണർത്തീടുന്നു പിന്നെയിളംവെയിൽ
മൊട്ടുകളിക്കിളികൂട്ടി.

തെച്ചിപ്പഴങ്ങളിറുത്തുകൊണ്ടോടുന്ന
തെക്കൻമണിക്കാറ്റുമോതീ:

"പാടുക വീണ്ടും..." സുവർണശലഭങ്ങൾ
പാറിപ്പറക്കുന്നു ചുറ്റും!

കൊക്കു വിടർത്തുന്നിതെന്നിലെയേകാന്ത-
തപ്തമാം നീഡത്തിനുള്ളിൽ

അക്കൊച്ചു ശാരിക!-ഭൂമികന്യയ്ക്കെഴും
ദുഃഖങ്ങൾ പാടിയ തയ്യൽ-

നാടു വെടിഞ്ഞുപോം നന്മകൾതൻ കഥ*
പാടിയ പൈങ്കിളിപ്പൈതൽ

കൊക്കിൽ ചുരന്ന നറുന്തേൻ നുകർന്നെന്റെ
കൊച്ചുദുഃഖങ്ങളുറങ്ങൂ!

നിങ്ങൾതൻ കണ്ണീർ കലരാതിരിക്കട്ടെ-
യിന്നെങ്കിലുമെന്റെ പാട്ടിൽ!

**(അഗ്നിശലഭങ്ങൾ)**

**കൈകേയി രാമനെ കാട്ടിലേക്കയപ്പിച്ചു; പിന്നെ, ആ രാമൻ തന്നെ സീതയെയും.*

- നന്മകൾ നാടുവെടിഞ്ഞുപോകുന്നതിനെക്കുറിച്ച് പൈങ്കിളിപ്പൈതൽ പാടുമ്പോൾ കവിയുടെ കൊച്ചുദുഃഖങ്ങൾ ഉറങ്ങുന്നു. 'നിങ്ങൾതൻ കണ്ണീർ കലരാതിരിക്കട്ടെയിന്നെങ്കിലുമെന്റെ പാട്ടിൽ!' എന്ന് കവി ആഗ്രഹിക്കുകയും ചെയ്യുന്നു. കവിതയെ സംബന്ധിച്ച എന്തു കാഴ്ചപ്പാടാണ് ഇതിനുപിന്നിലുള്ളത്?
- നാടോടിസംസ്കൃതിയുടെ നാശം ഒരുഭാഗത്ത് ഭീഷണിയായി നിൽക്കുന്നു. പ്രകൃതിയുടെ രമ്യഭാവങ്ങൾ മറുഭാഗത്ത് കവിയെ നിരന്തരം പ്രലോഭിപ്പിക്കുന്നു. ഈ വൈകാരിക പ്രതിസന്ധി കവിതയിൽ എങ്ങനെയാണ് തെളിയുന്നത്?
- വൈകാരികത, സംഗീതാത്മകത, വൈയക്തികത തുടങ്ങിയവയാണ് ഭാവഗീതങ്ങളുടെ സവിശേഷതകൾ. 'കൊച്ചുദുഃഖങ്ങളുറങ്ങൂ...!' എന്ന കവിത വിശകലനം ചെയ്ത് സവിശേഷതകൾ കണ്ടെത്തുക.

# ബ്രഹ്മാലയം തുറക്കപ്പെട്ടു

**വി.ടി. ഭട്ടതിരിപ്പാട്**

**കൊ**ല്ലം, മാസം, ദിവസം ഇന്നെനിക്കോർമ യില്ല. ഒരുനാൾ അസ്തമയത്തോടുകൂടി രണ്ട പരിചിതന്മാർ എന്റെ പടിക്കൽ വന്ന് എന്നെ അന്വേഷിച്ചു- ഒരാൾ ശ്രീ. സി.എസ്. ഗോപാലും മറ്റേയാൾ അദ്ദേഹത്തിന്റെ ഒരു സ്നേഹിതനും. ഗുരുവായൂർ ക്ഷേത്രപ്രവേശന പ്രസ്ഥാനത്തിന്റെ തീച്ചൂള ശ്രീ. കെ. കേളപ്പന്റെ മസ്തിഷ്കത്തിൽ നീറിപ്പുകയുന്ന കാലമായി രുന്നു അത്. എന്റെ നാട്ടിലെ സവർണരിൽ അനുകൂലികളെയും പ്രതികൂലികളെയും മണ ത്തറിഞ്ഞ് സംഘടന പുഷ്ടിപ്പെടുത്താൻ ഉദ്യ മിക്കണമെന്നുള്ള ശ്രീ. കേളപ്പന്റെ അഭിലാഷമ റിയിക്കലാണ് അവരുടെ ആഗമനോദ്ദേശ്യം. ഏതൊരവർണനും, അയാളെത്ര മഹാനാ യാലും ശരി, ഏതു സവർണസങ്കേതത്തിലും പ്രവേശനം നിഷേധിച്ചിരിക്കെ ഒരു നമ്പൂതിരി ഗൃഹത്തിലേക്ക് അവരെങ്ങനെ കയറിവരും? ഞാനവരെ പൂമുഖത്തേക്കു കൊണ്ടുപോയി സമര്യാദം സ്വീകരിച്ചു. ഒരരമണിക്കൂറിനുള്ളിൽ ഞങ്ങൾക്കു പറയാനുള്ളത് പറഞ്ഞവസാനി പ്പിച്ചെങ്കിലും ആ വൈകിയ വേളയിൽ അവരെ ഞാൻ പോവാനനുവദിച്ചില്ല. അങ്ങനെ ഞങ്ങ ളവിടെ സ്വൈരമായി സൊള്ളിക്കൂടി.

അന്ന് അച്ഛനുള്ള കാലമായിരുന്നു. പ്രായം അറുപതിലുമപ്പുറമായിരുന്നെങ്കിലും അദ്ദേഹം അനുവർത്തിച്ചുപോന്നിരുന്ന തപോനിഷ്ഠമായ ദിനചര്യക്കു യാതൊരയവും ബാധിച്ചിരുന്നില്ല. വെളുപ്പാൻകാലത്ത് മണി മൂന്നു മുട്ടിയാൽ ഉണർന്നെഴുന്നേൽക്കും. എന്റെ വാസസ്ഥ ലത്തു നിന്നു സുമാർ ഒരു നാഴിക ദൂരമുണ്ട് ഭാരതപ്പുഴയിലേക്ക്. അവിടെയാണ് അദ്ദേഹ ത്തിന്റെ കുളി. പുഴവക്കത്തുള്ള യജ്ഞേശ്വരം ക്ഷേത്രത്തിൽ പകൽ മുഴുവൻ ഭജനമിരുന്ന് കഴിച്ചുകൂട്ടും. രാത്രി എട്ടുമണിക്കേ തിരിച്ചെ ത്തുകയുള്ളൂ. തവിടു കളയാതെ വേവിച്ച നിവേദ്യം സമൃദ്ധമായ വിഭവങ്ങളോടുകൂടി വിസ്തരിച്ചിരുന്ന് ഊണു കഴിക്കും. എന്റെ ഭാര്യ ശ്രീമതി വി. ടി. ശ്രീദേവി അന്തർജനം പിതൃ നിർവിശേഷമായ ഭക്ത്യാദരങ്ങളോടെ പരിച രിക്കും. ഊണിനിടയിലെ 'വെടിവട്ട'ത്തിൽ നിന്ന് അന്നന്നത്തെ സാമുദായിക-രാഷ്ട്രീയ സാമ്പത്തിക സംഗതികളെ സംബന്ധിച്ച വിവ രങ്ങൾ അദ്ദേഹം അന്വേഷിച്ചറിയും. തീവ്രമായ വ്രതം മൂലം ശുഷ്കശരീരനെങ്കിലും വെണ്ണീ റിൽ കനലെന്നപോലെ ഒളിഞ്ഞുകിടക്കുന്ന കുടുംബസ്നേഹം ആ അവസരത്തിൽ അദ്ദേ ഹത്തിൽ സമുജ്ജ്വലിക്കാറുണ്ടായിരുന്നു. ഏതാണ്ട് ഒരു മണിക്കൂർ നീണ്ടുനിൽക്കുന്ന ഈ 'തിരുവത്താഴം' ഒരു വൈദിക കർമത്തിന്റെ മട്ടോടുകൂടി പര്യവസാനിച്ച ഉടനെ അദ്ദേഹം സ്വന്തം മുറിയിൽ ചെന്നു കിടക്കും. 24 മണി ക്കൂറിനിടയിൽ ഇഹലോകവുമായുള്ള ബന്ധം ഈ ഒരു മണിക്കൂർ മാത്രമായിരുന്നു. ഇങ്ങ നെയായിരുന്നു അദ്ദേഹത്തിന്റെ നിത്യേന യുള്ള ജീവിതചര്യ. ദിവസത്തിലൊരൂണ്, എണ്ണ തേയ്ക്കില്ല, ക്ഷൗരമില്ല, ഒറ്റമുണ്ടേ ഉടുക്കൂ, അത ലക്കുകയില്ല, കീറിയാലല്ലാതെ മാറ്റുകയുമില്ല. മേലാസകലം ഭസ്മം പൂശും. ചുരുക്കത്തിൽ, ഇന്ദ്രിയങ്ങളെല്ലാം ബലാലമർത്തിക്കൊണ്ട് ഇണക്കിശ്ശീലിച്ച ആ ബ്രഹ്മചര്യജീവിതം ശാന്ത മായൊരഗ്നിപർവതത്തിന്റെ പ്രതീതിയോടെ നീണ്ടുപോവുകയായിരുന്നു.

അതിഥികളും ഞാനുംകൂടി പൂമുഖത്തിരുന്നു വെടിപറയുകയാണ്. രാത്രി മണി എട്ടടിച്ചു. ഒരിളംനിലാവ് ഗൃഹാങ്കണത്തിൽ പരത്തി ക്കൊണ്ടു പഞ്ചമിച്ചന്ദ്രൻ ദക്ഷിണചക്രവാള ത്തിൽ ചരിഞ്ഞുതൂങ്ങിനിന്നു. വിശാലമായ വയലിൽ ഒരു ശീതക്കാറ്റു വട്ടംചുറ്റിക്കളിച്ചു.

ആ നിശീഥനിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടുള്ള മന്ത്രോച്ചാരണം ഇല്ലത്തെ പൂമുഖത്തെ മുഖരിതമാക്കി. അമ്പലക്കുളത്തിൽ നിന്നുള്ള അച്ഛന്റെ വരവായിരുന്നു അത്. അതിഥികളായ ഈ അവർണർ അച്ഛനുമായി നേരിട്ടാൽ ഉണ്ടായേക്കാവുന്ന ആപൽഫലങ്ങളെ ഭയപ്പെട്ടു ഞാനൊരു സൂത്രപ്പണി ചെയ്തു. അച്ഛൻ അന്തപ്പുരത്തിലണയുന്നതിനു മുമ്പായി ഞാനവരെ കുളിക്കാൻ കൂട്ടിക്കൊണ്ടുപോയി. അച്ഛന്റെ അത്താഴം കഴിഞ്ഞ് ഉറങ്ങാൻ പോയ സമയംവരെ ഞാനവരെ കുളക്കടവിൽ താമസിപ്പിച്ചു. അദ്ദേഹം ഊണുകഴിഞ്ഞു കിടപ്പായെന്നറിഞ്ഞശേഷം ഞാൻ അതിഥികളെ കൂട്ടിക്കൊണ്ടുപോയി അത്താഴമാരംഭിച്ചു. അങ്ങനെ ഒരു വലിയ നിലവിളക്കിന്റെ മുമ്പിൽ ഒരേ പന്തിപ്പായയിലിരുന്ന് ഞങ്ങൾ ഉണ്ണുന്നു. അന്തർജനങ്ങൾ ചാർച്ചക്കാരായ നമ്പൂതിരിമാർക്കെന്നപോലെ യാതൊരു പരിഭ്രമവും കൂടാതെ വിളമ്പുന്നു. തോട്ടത്തിലിടതൂർന്നുനിൽക്കുന്ന കവുങ്ങിൻനിരകളിൽ പുതുതായി വിരിഞ്ഞ പൂക്കുലയുടെ നേരിയ മണം പരത്തിക്കൊണ്ട് മന്ദമാരുതൻ ഞങ്ങളെ വീശിക്കുളിർപ്പിക്കുന്നു.

'എനിക്കിവരെ മനസ്സിലായില്ല'- അച്ഛന്റെ ശബ്ദം കേട്ടു ഞാൻ വാതിൽക്കലേക്കു നോക്കി. ഹര! ഹര! ചകലാസുകൊണ്ട് ഒരേറാപ്പിട്ട് രണ്ടു കൈകളും കട്ടിളത്തൂണിന്മേലമർത്തിപ്പിടിച്ച് വെള്ളത്താടിയോടുകൂടിയ മുഖം ഞങ്ങളുണ്ണുന്ന തളത്തിലേക്കുന്തിപ്പിടിച്ചുകൊണ്ട് അച്ഛനങ്ങനെ നിൽക്കുന്നു. എന്റെ ഉടലാസകലം ചുട്ടുനീറി. ഞാൻ വിയർത്തൊലിച്ചു. ഉരുട്ടിയ ഉരുള കൈയിൽത്തന്നെ പിടിച്ചുകൊണ്ട് ഒരു ശിലാപ്രതിമപോലെ ഞാൻ നിശ്ചേഷ്ടനായി ഇരുന്നുപോയി. വെള്ളത്താടിയും ഭസ്മക്കുറിയും ചകലാസുപുതപ്പുമായി മുമ്പിൽ പെട്ടെന്നു പ്രത്യക്ഷപ്പെട്ട അച്ഛനെക്കണ്ട് അതിഥികൾ അന്തംമറിഞ്ഞിരിക്കുകയാണ്. വിളമ്പാൻ കാത്തുനിൽക്കുന്ന അന്തർജനങ്ങൾ 'ഗോസായി'യെക്കണ്ട പെൺകിടാങ്ങളെപ്പോലെ അടുക്കളമുക്കിൽ ചെന്നൊളിച്ചിരിക്കുന്നു!

'എവിടുന്നാണ്? എന്താണില്ലപ്പേര്? എപ്പോഴേ വന്നത്?'- അതിഥികൾ നമ്പൂതിരിമാരായിരിക്കുമെന്ന ധാരണയിൽ കൈപ്പടം നെറ്റിത്തടത്തിലമർത്തിപ്പിടിച്ചുകൊണ്ട് അച്ഛൻ വീണ്ടും കുശലമാരംഭിച്ചു. ഇവർ രണ്ടീഴവരാണെന്നുള്ള പച്ചപ്പരമാർഥം വെട്ടിത്തുറന്നു പറഞ്ഞാലോ എന്നൊരാലോചന ഇടിമിന്നൽ പോലെ എന്റെ തലയിലടിച്ചു. അതെന്റെ വായിൽനിന്നു വീഴേണ്ട താമസം, "ഫ! ശപ്പ! കണ്ട പാക്കനേയും പോക്കനേയും ബ്രഹ്മാലയത്തിൽ കൊണ്ടുവന്നു ചുട്ടുപൊട്ടിയ്ക്ക്യേ?" എന്നട്ടഹസിച്ചാലത്തെ സ്ഥിതിയോർത്തു ഞാൻ നടുങ്ങി.

'ഇവർ തിരുവിതാംകൂറിൽ നിന്നു വരുന്ന പോറ്റിമാരാണ്. അല്ലെങ്കിൽ അരിപ്രക്കോലത്തെ രണ്ടു തമ്പുരാക്കന്മാരാണ്' എന്നൊരു പച്ചക്കള്ളം തട്ടിവിട്ടാലോ? ഉത്തരക്ഷണത്തിൽ അതായി എന്റെ ചിന്ത. 'തിരുവിതാംകൂറിലെവിടെയാണ്? എന്താണില്ലപ്പേര്? എവിടെയാണമ്മാത്ത്?' ഇത്തരം ചോദ്യങ്ങൾക്ക് 'നമ്പൂതിരിഭാഷയിൽ' മറുപടി പറയാൻ അതിഥികളെക്കൊണ്ടാവാതെ പട്ടപൊളിഞ്ഞാലോ എന്നായി പിന്നത്തെ ഭയം. സാവധാനം ചിന്തിച്ച് സമാധാനം കണ്ടുപിടിക്കാനുള്ള



സമയമില്ല. അച്ഛൻ ചോദ്യം ആവർത്തിച്ചു തുടങ്ങി. പെട്ടെന്നെന്റെ തലയ്ക്കൊരു വെളിപാടുണ്ടായി. വിപദിധൈര്യം എന്നെ രക്ഷിച്ചു.

"ഇവർ ഏങ്ങണ്ടിയൂരുള്ള രണ്ടീഴവരാണ്. ഗുരുവായൂര് ക്ഷേത്രപ്രവേശനം സംബന്ധിച്ച ചില കാര്യങ്ങൾക്കായി കേളപ്പൻ അയച്ചിരിക്കയാണിവരെ"- ഈ വാചകങ്ങൾ ഞാൻ പറയുകയല്ല, എന്റെ മനസ്സിൽനിന്ന് പൊട്ടിത്തെറിക്കുകയാണുണ്ടായത്. ഭൂമി പിളർന്നു ഞങ്ങൾ മൂവരും പാതാളത്തിലേക്കാണ്ടുപോയാലും ശരി, സത്യം പറഞ്ഞുവല്ലോ എന്ന കൃതാർഥതയോടുകൂടി കണ്ണുംചിമ്മി ഞാനൊരിരുത്തമിരുന്നു. തെല്ലിട നീണ്ടുനിന്ന നിശ്ശബ്ദതയ്ക്കുശേഷം ബ്രഹ്മലോകത്തുനിന്നു ഭൂമിയിലേക്കൊരു സന്ദേശംപോലെ പരിപാവനമായൊരു പ്രേമസ്വരത്തിൽ അച്ഛന്റെ തിരുമുഖത്തുനിന്നൊരു ഗീതാപദ്യശകലം മൊഴിഞ്ഞിറങ്ങി:

"മാ തേ വ്യഥാ, മാ ച വിമൂഢഭാവോ,
ദൃഷ്ട്വാ രൂപം ഘോരമീദൃങ്മമേദം
വ്യപേതഭീഃ പ്രീതമനാഃ പുനസ്ത്വം
തദേവ മേ രൂപമിദം പ്രപശ്യ"*

ആ ഗാനമാധുരി വാടിയ തുളസിപ്പൂവിനെ പച്ചവെള്ളം തളിച്ചുണർത്തുന്നപോലെ ഞങ്ങളെ പുനർജ്ജീവിപ്പിച്ചു.

"നിങ്ങൾ പരിഭ്രമിക്കേണ്ട. ഗൃഹസ്ഥന് ഏതതിഥിയും ബ്രാഹ്മണതുല്യനാണ്. കുടുമയും പൂണൂലുമല്ല ബ്രാഹ്മണ്യത്തിന്റെ ലക്ഷണം; ബ്രഹ്മജ്ഞാനമാണ്. ഈശ്വരാഭിമുഖമായി ചെയ്യുന്ന സേവനം ബ്രഹ്മജ്ഞാനത്തിലേക്കുള്ള രാജവീഥിയാണ്. ഈ പ്രപഞ്ചം മുഴുവൻ ഈശ്വരമയമാണ്. ജീവജാലത്തിൽ ഇന്നതുൽകൃഷ്ടം, ഇന്നതപകൃഷ്ടം എന്നു പരിച്ഛേദിക്കാനാർക്കും അവകാശമില്ല. എല്ലാം ഈശ്വരന്റെ അംശാവതാരങ്ങളാണ്. ജാതി, അയിത്തം, മതം ഇതൊക്കെ സംസ്കാരഭേദത്തെ സൂചിപ്പിക്കുന്ന വ്യത്യാസങ്ങളാണ്. ജ്ഞാനംകൊണ്ടും കർമംകൊണ്ടും വിശ്വപ്രേമം നേടുന്നതാരോ, അവനാണ് ദിവ്യൻ. എന്റെ മുഷിഞ്ഞ പൂണൂലും ഭസ്മക്കുറിയും കണ്ട് നിങ്ങൾ ഭയപ്പെടേണ്ട. എനിക്കീ പ്രസ്ഥാനം ഇഷ്ടമാണ്. നിങ്ങൾക്കെപ്പോഴും ഇവിടെ വരാം. ആകാവുന്ന സഹായം ഇവിടെനിന്നുണ്ടാവും."

ഇങ്ങനെ അഞ്ചുമിനിട്ടുനേരത്തോളം ഒരു വേദാന്തപ്രസംഗം ചെയ്തു. ഒടുക്കം 'നിങ്ങൾ പതുക്കെ ഇരിക്കിൻ. ഞാനിത്തിരി കിടക്കട്ടെ' എന്നു പറഞ്ഞ് പോവുകയും ചെയ്തു.

ഞാൻ ആഹ്ലാദംകൊണ്ട് മതിമറന്നു. സമത്വസുന്ദരമായ ഒരു നവലോകത്തിലെത്തിച്ചേർന്ന സംതൃപ്തി തോന്നി ഞങ്ങൾക്ക്. വൃദ്ധനും വിശിഷ്ടനുമായ ഒരു ബ്രാഹ്മണന്റെ മനസ്സംസ്കാരം കണ്ട് അതിഥികൾ അഭിമാനപുളകിതരായി.

ഈ സംഭവത്തിനുശേഷം എന്റെ വസതി ആരുടെ നേരെയും ദുർമുഖം കാണിച്ചിട്ടില്ല. അതെല്ലാവർക്കുമായി തുറക്കപ്പെട്ടു. ആ പതിവ് ഇന്നും നിലനിന്നുവരുന്നു.

**(കർമവിപാകം)**

* *എന്റെ ഈ ഘോരരൂപം കണ്ടിട്ടു നിനക്കു വ്യഥ വേണ്ട. മൗഢ്യവും വേണ്ട. നിർഭയനും സംപ്രീതനുമായിട്ട് എന്റെ ഈ സൗമ്യരൂപത്തെ (കൃഷ്ണന്റെ സ്വരൂപത്തെ) ത്തന്നെ നീ കണ്ടുകൊള്ളൂ.*

- "അച്ഛനെ വേണ്ടതുപോലെ മനസ്സിലാക്കാൻ കഴിയാതെപോയ ഒരു മകനും മകനെ നന്നായി മനസ്സിലാക്കിയ ഒരച്ഛനും ഈ അനുഭവകഥയ്ക്കകത്തുണ്ട്"- പാഠഭാഗത്തിലെ തെളിവുകളുടെ അടിസ്ഥാനത്തിൽ ചർച്ചചെയ്യുക.
- "ആ ഗാനമാധുരി വാടിയ തുളസിപ്പൂവിനെ പച്ചവെള്ളം തളിച്ചുണർത്തുന്നപോലെ ഞങ്ങളെ പുനർജ്ജീവിപ്പിച്ചു". അച്ഛന്റെ വാക്കുകൾ കേട്ട വി.ടിയുടെയും സുഹൃത്തുക്കളുടെയും മാനസികഭാവങ്ങളാണ് ഈ വരികളിൽ പ്രതിഫലിക്കുന്നത്. ശക്തിയും സൗന്ദര്യവും തുടിച്ചുനിൽക്കുന്ന ഇത്തരം വാക്യങ്ങൾ കണ്ടെത്തി ഗദ്യഭാഷയിലെ കാവ്യാത്മകതയെക്കുറിച്ച് കുറിപ്പു തയാറാക്കുക.

- ചുട്ടുപൊട്ടിക്കുക, പട്ടപൊളിയുക തുടങ്ങിയ പ്രയോഗങ്ങളും ശൈലികളും സന്ദർഭങ്ങളെ അർഥസമ്പുഷ്ടമാക്കുന്നതിന് എത്രത്തോളം സഹായകമാണ്? കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുക.
- സമത്വസുന്ദരമായ ഒരു ലോകത്തിനായി വി.ടി ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്? ലഘൂപന്യാസം തയാറാക്കുക.
- കുടുംബത്തിലെയും സമൂഹത്തിലെയും ബന്ധങ്ങളെ ജനാധിപത്യപരവും സ്നേഹബദ്ധവുമാക്കാനാണ് നവോത്ഥാന പ്രസ്ഥാനങ്ങളെല്ലാം ശ്രമിച്ചത്. അത് വലിയൊരളവിൽ വിജയിക്കുകയും ചെയ്തു. ഇന്ന് കേരളീയസമൂഹം എവിടെയാണ് എത്തിനിൽക്കുന്നത്? നിങ്ങളുടെ നിലപാടുകൾ കൂട്ടുകാരുമായി പങ്കുവയ്ക്കുക.

●

# തോരാമഴ

റഫീക്ക് അഹമ്മദ്

**ഉ**മ്മുക്കുലുസു മരിച്ചന്നു രാത്രിയിൽ
ഉമ്മ തനിച്ചു പുറത്തുനിന്നു.
ഉറ്റവരൊക്കെയും പോയിരുന്നു
മുറ്റമോ ശൂന്യമായ് തീർന്നിരുന്നു.
വാടകയ്ക്കായെടുത്തുള്ള കസേരകൾ,
ഗ്യാസ് ലൈറ്റ്, പായകൾ കൊണ്ടുപോയി.
വേലിക്കൽ പണ്ടവൾ നട്ടൊരു ചമ്പക-
ച്ചോടോളമപ്പോളിരുട്ടു വന്നു,



ചിമ്മിനിക്കൊച്ചുവിളക്കിന്റെ നേരിയ
കണ്ണീർവെളിച്ചം തുടച്ചു നിന്നു.
ഉമ്മറക്കൽപ്പടിച്ചോട്ടിലവളഴി-
ച്ചിട്ട ചെരിപ്പൊന്നുരുമ്മി നോക്കി
പുള്ളിക്കുറിഞ്ഞി നിസ്സംഗയായ് പിന്നിലെ
കല്ലുവെട്ടാംകുഴിക്കുള്ളിലേറി.
തെക്കേപ്പുറത്തയക്കോലിലവളുടെ
ഇത്തിരിപ്പിഞ്ഞിയ കുഞ്ഞുടുപ്പിൽ
ചുറ്റിക്കറങ്ങി നടക്കുന്ന കാറ്റൊന്നു
തട്ടിനോക്കി, മരക്കൊമ്പിലേറി.

ഉമ്മുക്കുലുസു മരിച്ചന്നു രാത്രിയിൽ
ഉമ്മ പുറത്തു തനിച്ചു നിൽക്കെ
പെട്ടെന്നു വന്നൂ പെരുമഴ, ഉമ്മയോ
ചിക്കെന്നകത്തു തിരഞ്ഞുചെന്നു
വില്ലൊടിഞ്ഞെന്നു ചിണുങ്ങിടാറുള്ളൊരാ
പുള്ളിക്കുട ചെന്നെടുത്തു പാഞ്ഞു
പള്ളിപ്പറമ്പിൽ പുതുതായ് കുമിച്ചിട്ട
മണ്ണട്ടിമേലെ നിവർത്തിവെച്ചു.
ഉമ്മുക്കുലുസു മരിച്ചന്നു രാത്രിതൊ-
ട്ടിന്നോളമാ മഴ തോർന്നുമില്ല.

- ഉമ്മുക്കുലുസുവിന്റെ വേർപാടിൽ ഉമ്മയ്ക്കും പ്രകൃതിക്കുമുണ്ടായ തീരാശോകം കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ? ദുഃഖപൂരിതമായ അന്തരീക്ഷവും മാനസികാവസ്ഥയും പ്രതിഫലിപ്പിക്കാൻ അവയ്ക്ക് കഴിയുന്നുണ്ടോ? ചർച്ചചെയ്യുക.
- "ഉമ്മുക്കുലുസു മരിച്ചന്നു രാത്രിതൊ-
ട്ടിന്നോളമാ മഴ തോർന്നുമില്ല' എന്ന വരികൾ നൽകുന്ന അർഥവ്യാപ്തി കണ്ടെത്തി വിശദീകരിക്കുക.'
- സ്ഥലകാലാതീതമായ മാതൃദുഃഖമാണ് വൈലോപ്പിള്ളിയുടെ 'മാമ്പഴ'ത്തിനും റഫീക്ക് അഹമ്മദിന്റെ 'തോരാമഴ'യ്ക്കും അസുലഭമായ ഭാവഭംഗി നൽകുന്നത്- കവിതകൾ താരതമ്യം ചെയ്ത് പരിശോധിക്കുക.

# എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ

**ഇ. ഹരികുമാർ**

അവൾ കുറേ നേരമായി അവരുടെ പിന്നാലെ നടക്കുകയായിരുന്നു. എപ്പോഴാണ് കൂടെ കൂടിയതെന്നറിയില്ല. ഒരു സാരിക്കടയിൽനിന്ന് പുറത്തിറങ്ങിയപ്പോൾ അവൾ അടുത്തുവന്നു കൊണ്ട് പറഞ്ഞു:

'നല്ല സഞ്ചി'.

ഒരു പെൺകുട്ടി. ആറോ ഏഴോ വയസ്സു കാണും. നരച്ച ഫ്രോക്ക്, എണ്ണമയമില്ലാത്ത തലമുടി മുകളിൽ ഒരു ചരടുകൊണ്ട് കെട്ടിവച്ചിരിക്കുന്നു.

എയർകണ്ടീഷൻ ചെയ്ത കടയിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ ചുടുകാറ്റ് മുഖത്തേയ്ക്കടിച്ചു. അവൾ പറഞ്ഞത് ശരിയാണ്. സഞ്ചി നല്ല ഭംഗിയുണ്ടായിരുന്നു. ചുവപ്പുനിറത്തിൽ സാരിക്കടയുടെ പേര് വലുതായി എഴുതിയിട്ടുണ്ട്. മറുഭാഗത്ത് സുന്ദരിയായ ഒരു സ്ത്രീയുടെ ചിത്രവും.

"ഞാനിവളെ കൊറേ നേരായി ശ്രദ്ധിക്കുന്നു." രമണി പറഞ്ഞു. "നമ്മള് കാറീന്ന് പൊറത്തെറങ്ങ്യപ്പൊതൊട്ട് ഈ പെണ്ണ് പിന്നാലെണ്ടായിരുന്നു."

അയാൾ ശ്രദ്ധിച്ചിരുന്നില്ല. കാർ ജോസ് ജങ്ഷനടുത്ത് പാർക്ക്ചെയ്ത് അവർ നടക്കുകയായിരുന്നു. ആദ്യം രമണിക്ക് ഒരു വള വാങ്ങാനായി ആഭരണക്കടയിൽ കയറി. ശരിക്കും പറഞ്ഞാൽ മൂന്ന് ആഭരണക്കടയിൽ കയറിയ ശേഷമാണ് അവൾക്ക് ഇഷ്ടപ്പെട്ട വള കിട്ടിയത്. അതുകഴിഞ്ഞ് മൂന്ന് സാരിക്കടയിൽ കയറിക്കഴിഞ്ഞു. ഇത് നാലാമത്തെ കടയാണ്. കണ്ടപ്പോൾ ഇഷ്ടപ്പെട്ട ഒരു സാരിയെടുത്തു എന്നല്ലാതെ നോക്കിക്കൊണ്ടിരുന്ന സാരി ഇപ്പോഴും കിട്ടിയിട്ടില്ല. നാലരയ്ക്കു തുടങ്ങിയ നടത്തമാണ്. അപ്പോൾ മുതൽ ആ കുട്ടി തങ്ങളെ പിൻതുടരുകയായിരുന്നെന്നോ?

കൗതുകമുള്ള മുഖത്ത് അവിടവിടെ ചെളിയുണ്ട്. കൈയിൽ രണ്ടു കുപ്പിവളകൾ. കഴുത്ത് നഗ്നമാണ്. ചെരിപ്പില്ലാത്ത കാലിൽ പൊടി പിടിച്ചിരിക്കുന്നു. അയാൾ കീശയിൽ തപ്പി ഒരു രൂപയെടുത്ത് അവൾക്ക് നേരെ നീട്ടി. അവൾ തലയാട്ടിക്കൊണ്ട് പറഞ്ഞു:

'ഊം ഉം'.

'വേണ്ടേ?'

'ഊം ഉം.'

അയാൾ നാണയം തിരിച്ച് പോക്കറ്റിലിട്ടു. അവർ അടുത്ത കടയിലേക്കു നടന്നു. ഉദ്ദേശിച്ച നിറമുള്ള സാരി കിട്ടാതെ നീനയുടെ കല്യാണത്തിന് പോകുന്ന പ്രശ്നമേയില്ലെന്ന് രമണി പറഞ്ഞിരുന്നു. 'നിന്റെ സ്വന്തം അനുജത്തിയുടെ മകളാണ് നീന.' അയാൾ പറയുന്നു. അതുകൊണ്ടൊന്നും കാര്യമില്ല. ഒരു വാശിയുടെ കഥയാണ്. എവിടെയും കിട്ടാത്ത ആ നിറം തനിക്കും കിട്ടുമോ എന്നു നോക്കട്ടെ.

അടുത്ത സാരിക്കട കുറച്ചകലെയാണ്. തിരിച്ചുപോയി കാറെടുത്താലോ എന്നാലോചിച്ചു. കാറെടുക്കാൻ കുറച്ചു പിന്നിലേക്കു നടക്കണം. അതു കഴിഞ്ഞ് മുക്കാൽ കിലോമീറ്റർ ഓടിച്ച ശേഷം അവിടെ പാർക്ക് ചെയ്യാൻ സ്ഥലം കിട്ടുമോ എന്നൊന്നും അറിയില്ല. നടക്കാൻ തന്നെ തീർച്ചയാക്കി. നടന്നുപോകുമ്പോൾ ഏതെങ്കിലും കട കണ്ടാൽ കയറി നോക്കുകയും ചെയ്യാം. വലിയ കടകളിൽ മാത്രമല്ലല്ലോ നല്ല സാരി കിട്ടുക.

സാരിക്കടയിൽ നിന്ന് പുറത്തിറങ്ങിയപ്പോഴാണ് കണ്ടത്, ആ പെൺകുട്ടി. അവൾ നടപ്പാതയിൽ കാത്തുനിൽക്കുന്നു. അവരെ കണ്ടപ്പോൾ അവളുടെ മുഖം വിടർന്നു. അവൾ ചോദിച്ചു:

'വേറെ സാരി വാങ്ങീലേ?'

രമണിയുടെ കൈയിൽ നേരത്തേ കണ്ട സഞ്ചി മാത്രമേ ഉള്ളൂ എന്ന് അവൾ ശ്രദ്ധിച്ചു.

അയാൾ വെറുതെ ചിരിച്ചു. അവൾ വീണ്ടും അവരുടെ പിന്നാലെ നടന്നപ്പോൾ അയാൾക്ക് ഒരു വല്ലായ്മയുണ്ടായി. എന്തിനാണ് ഒരു തെരുവുതെണ്ടി പെൺകുട്ടി അവരുടെ പിന്നാലെ കൂടിയിരിക്കുന്നത്? പക്ഷേ, രമണിയെ അതൊന്നും സ്പർശിക്കുന്നില്ല. അവൾ കുറച്ചു വിഷമത്തിൽ ആയിരിക്കയാണ്. "ഇവിടെ ആ നിറം കിട്ടിയില്ലെങ്കിൽ നമുക്ക് തൃശൂരും കൂടി ഒന്ന് അന്വേഷിക്കാം. അവിടെ കിട്ടിയില്ലെങ്കിൽ കോയമ്പത്തൂരിൽ, അല്ലെങ്കിൽ ചെന്നൈയിൽത്തന്നെ പോകേണ്ടിവരും. ഒരാഴ്ചയെ ഉള്ളൂ കല്യാണത്തിന്. അതിനിടയ്ക്ക് ബ്ലൗസ്സ് തുന്നിക്കണം. ജോസഫിന്റെ അടുത്ത് കൊടുത്താൽ സമയത്തിന് കിട്ടില്ല. അയാളുടെ സ്റ്റിച്ചിങ് നല്ലതാണ്. പക്ഷേ, നാളെത്തരാം നാളെത്തരാം എന്നു പറഞ്ഞ് ഇട്ടു കളിപ്പിക്കും."

അയാൾ തിരിഞ്ഞുനോക്കി. ആ പെൺകുട്ടി തന്നെ നോക്കി ചിരിക്കുന്നു. ദൈവമേ, എന്താണവളുടെ ഉദ്ദേശ്യം?

"നോക്കൂ, ഈ കടയിലൊന്ന് കേറിനോക്കാം. കഴിഞ്ഞകൊല്ലം ഓണത്തിന് എന്റെ സ്കൈബ്ലൂ സാരിയെടുത്തത് ഈ കടേന്നാ."



അവർ കടയിലേക്ക് തിരിഞ്ഞു. വാതിൽ കടക്കുന്നതിനുമുൻപ് അയാൾ തിരിഞ്ഞു നോക്കി. ആ പെൺകുട്ടി നടപ്പാതയിൽ ഇരുമ്പഴി കൊണ്ടുണ്ടാക്കിയ ഗ്രില്ലിന്മേൽ പിടിച്ച് ചിരിച്ചുകൊണ്ട് അവരെ നോക്കി നിൽക്കുകയാണ്. എന്താണവളുടെ മനസ്സിൽ? കടയിൽ നിറങ്ങളുടെ തുടിപ്പിൽ അയാൾ അവളെ മറന്നു. പട്ടുസാരികളുടെ പളപളപ്പ്, അതെടുത്ത് ഒരു ചീനവല എറിയുന്നപോലെ നമ്മുടെ മുൻപിലേക്കിടുന്ന സുന്ദരികളായ ചെറുപ്പക്കാരികളുടെ പ്രസരിപ്പ്, എല്ലാം അയാൾക്കിഷ്ടമായിരുന്നു. അവരുടെ വിൽപനതന്ത്രങ്ങളും നോക്കിനിൽക്കുക രസകരമായിരുന്നു. "നോക്കൂ, ഈ സാരി ചേച്ചിക്ക് എന്തു മാച്ചാണ്, അല്ലെടീ ബീനേ..."

പെട്ടെന്ന് അയാൾക്ക് പുറത്ത് നടപ്പാതയുടെ ഗ്രില്ലിൽ നോക്കി നിൽക്കുന്ന പെൺകുട്ടിയെ ഓർമവന്നു. അയാൾ എഴുന്നേറ്റു.

"നീ നോക്കിയെടുക്ക്." അയാൾ പറഞ്ഞു. "ഞാനൊന്ന് പുറത്തിറങ്ങി നിൽക്കട്ടെ."

കടയിൽ ചൂടായിരുന്നു. ഉടുത്തിരുന്ന സാരിയുടെ അറ്റമെടുത്ത് വീശിക്കൊണ്ട് രമണി പറഞ്ഞു:

"ശരി, എന്തൊരു ചൂട്."

അയാൾ പുറത്തിറങ്ങി. അയാളെ കണ്ടതോടെ ആ പെൺകുട്ടി അനങ്ങി. അവൾ ഇനിയും പുറത്തേക്ക് വരാനിരിക്കുന്ന രമണിയെ അന്വേഷിക്കുകയായിരുന്നു. അയാൾ അവളുടെ അടുത്തു ചെന്നു. അവൾ അല്പം ലജ്ജയോടെ അയാളെ നോക്കി.

'എന്താ നിന്റെ പേര്?'

'റാണി.' കടയുടെ വാതിൽക്കലേക്കും അയാളുടെ മുഖത്തേക്കും മാറിമാറി നോക്കിക്കൊണ്ട് അവൾ പറഞ്ഞു:

"നിന്റെ വീട് എവിട്യാണ്?"

"എനിക്ക് വീടില്ല്യാ." അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു. അയാൾ വല്ലാതായി. തെണ്ടിനടക്കുന്ന ഒരു കുട്ടിയോടാണ് അവളുടെ വീടിനെപ്പറ്റി ചോദിക്കുന്നത്. വീട് എന്ന സങ്കല്പത്തിൽ കെട്ടിയിടപ്പെട്ടതിൽ അയാൾക്ക് വിഷമമുണ്ടായി. ഒരുപക്ഷേ, അവൾ ഒരിക്കലും ഒരു വീട്ടിൽ താമസിച്ചിട്ടുണ്ടാവില്ല. തെരുവായിരിക്കണം അവളുടെ വീട്. അവളുടെ അച്ഛൻ, അമ്മ?

"നിന്റെ അച്ഛനും അമ്മയും എവിട്യാണ്?"

"അച്ഛൻ ഇല്ല്യ."

'അമ്മ?'

'മെരിച്ചു, രണ്ടീസം മുമ്പെ.'

മനസ്സിൽ എവിടെയോ ഒക്കെ മുറിവുകളുണ്ടാവുകയാണ്. അച്ഛൻ ഇല്ല എന്നാണവൾ പറഞ്ഞത്. ഒരുപക്ഷേ, അവൾ അച്ഛനെ കണ്ടിട്ടുണ്ടാവില്ല. അല്ലെങ്കിൽ അച്ഛനാരാണെന്ന് അവളുടെ അമ്മയ്ക്കുപോലും അറിവുണ്ടാവില്ല. അമ്മ മരിച്ചു. രണ്ടു ദിവസം മുമ്പെ.

"അമ്മ എവിടുന്നാണ് മരിച്ചത്?"

"ആശുപത്രീന്ന്"

"അപ്പൊ നെന്റെ ചേട്ടനും ചേച്ചീം ഇല്ലേ?"

"ഇല്ല്യ"

"വേറെ ആരും ഇല്ലേ?"

"ഊം ഉം."

"അപ്പൊ നീ കഴിഞ്ഞ രണ്ടു ദിവസം എവിട്യാണ് ഒറങ്ങീത്?"

"ഒരു കടേടെ മുമ്പില്." എന്താ ഇത്ര ചോദിക്കാനുള്ളത് എന്ന മട്ടിൽ അവൾ പറഞ്ഞു. "ഞാൻ അമ്മേടെ ഒപ്പം അവിട്യാ കെടക്കാറ്."

"ഒറ്റയ്ക്കു പേടിയാവില്ലേ?"

അവൾ ഒന്നും പറഞ്ഞില്ല. എന്തോ ഓർത്ത് അവളുടെ കണ്ണുകളിൽ ഭീതി നിറയുന്നത് അയാൾ കണ്ടു. അതു ചോദിക്കേണ്ടിയിരുന്നില്ലെന്ന് അയാൾക്കു തോന്നി. രാത്രിയെപ്പറ്റി ഓർക്കാതിരിക്കാൻ ശ്രമിക്കയാവും അവൾ. ആരുമില്ലാത്ത ആറു വയസ്സായ ഒരു കുട്ടി, രാത്രി ഒറ്റയ്ക്ക് ഏതെങ്കിലും കടയുടെ ചായ്പിൽ ചുരുണ്ടുകൂടി ഉറങ്ങുന്നു. അവൾക്ക് ഭക്ഷണം എവിടെ നിന്നു കിട്ടുന്നു?

"നീ എന്തിനാണ് ഞങ്ങടെ പിന്നാലെ നടക്കണത്? വെശക്കണ്ണ്ടോ?"

"ഊം ഉ."

"പിന്നെ?"

അവൾ ഒന്നും പറഞ്ഞില്ല. മനസ്സിലെ മുറിവിൽ നിന്ന് രക്തം ചിന്തുകയാണ്. എന്തിനാണ് ഇങ്ങനെ ഒരു കുട്ടിയെ തന്റെ മുമ്പിൽ എത്തിച്ചത്?

കടയുടെ വാതിൽ തുറന്ന് രമണി അയാളെ വിളിച്ചു.

"നോക്കൂ, എനിക്ക് അതേ കളറ് സാരി കിട്ടി, കെട്ടോ."

രമണിയുടെ മുഖത്തു സന്തോഷം. അയാൾ അകത്തേക്കു പോയി.

രണ്ടായിരത്തി എണ്ണൂറു രൂപ. സാരമില്ല. എവിടെയും കിട്ടാത്ത നിറമാണ്.

"ഞാൻ പറഞ്ഞില്ലേ, ഇങ്ങനത്തെ ഷാപ്പിലാണ് എപ്പഴും നമുക്കാവശ്യമുള്ള കളറ് കിട്ട്വാ." രമണിക്ക് സന്തോഷമായി, "ഇനി നമുക്ക് തിരിച്ചു പോവാം."

അവർ പുറത്തു കടന്നു.

"ഈ പെണ്ണിന് വേറെ പണിയൊന്നും ഇല്ലേ. ഇപ്പഴും നമ്മളെ കാത്തു നിൽക്വാണോ?"

"അവള്ടെ അമ്മ രണ്ടുദിവസം മുൻപ് മരിച്ചു. ഇപ്പോ അവൾക്ക് ആരൂംല്ല്യാ."

"അയ്യോ പാവം."

റാണി ചിരിക്കുകയായിരുന്നു. അവർ നടന്നപ്പോൾ അവളും പിന്നാലെ നടന്നു.

"നമുക്കെന്തെങ്കിലും തണുത്തത് കുടിക്കാം." രമണി പറഞ്ഞു.

തൊട്ടടുത്തുതന്നെ ഒരു ഐസ്ക്രീം പാർലറുണ്ടായിരുന്നു.

"നമുക്ക് ഇവിടെ കയറാം."

അവർ പാർലറിലേക്കു തിരിഞ്ഞു. പെട്ടെന്ന് ആ കുട്ടിയെ ഓർത്തപ്പോൾ അയാൾ

തിരിഞ്ഞു നോക്കി. അവൾ അവരെയും നോക്കി നിൽക്കുകയാണ്. അയാൾ ചോദിച്ചു:

"നീ വരുന്നോ? ഐസ്ക്രീം തിന്നാം."

അവൾ നരച്ചു മുഷിഞ്ഞ സ്വന്തം ഉടുപ്പിലേക്കു നോക്കി; മുമ്പിലുള്ള കറുത്ത ചില്ലുവാതിലിലെ സ്വർണനിറത്തിലുള്ള ചിത്രപ്പണികളിലേക്കും. പിന്നെ വേണ്ടെന്നു തലയാട്ടി. താൻ നിൽക്കേണ്ടത് എവിടെയാണെന്നറിയുന്നതുപോലെ.

'അതിനെയൊന്നും വിളിക്കണ്ട'. രമണി പറഞ്ഞു. 'നമ്മളേംകൂടി കേറ്റില്ല. നമുക്ക് വരുമ്പോ എന്തെങ്കിലും വാങ്ങിക്കൊടുക്കാം.' ഉദ്ദേശിച്ച നിറത്തിലുള്ള സാരി കിട്ടിയപ്പോൾ രമണി കുറച്ച് ഉദാരമനസ്കയായിരിക്കുന്നു.

അയാൾ രമണിയുടെ പിന്നാലെ പാർലറിലേക്കു കയറി. അവൾക്കു വേണ്ടി എന്തെങ്കിലും വാങ്ങൂവെന്ന് റാണിയോട് പറയാമായിരുന്നു. ഇനി അവൾ കാത്തുനിൽക്കാതെ പോയാലോ? കോക്ടെയിൽ ഫ്രൂട്ട്ജൂസ് ഐസ്ക്രീം ഇട്ട് കുടിക്കുന്നതിനിടയിൽ അയാൾ എഴുന്നേറ്റു ചില്ലുഭിത്തിയിലൂടെ പുറത്തേക്കു നോക്കി. അവൾ അവിടെത്തന്നെ നിൽക്കുകയാണ്. അവൾ തല തിരിക്കുമ്പോൾ തലയിൽ കെട്ടിയ മുടി ആടി. മരിക്കുന്നതിനു മുമ്പ് അമ്മ കെട്ടിക്കൊടുത്തതായിരിക്കും. ആ കുട്ടിക്ക് അങ്ങനെയൊരു കെട്ടു കെട്ടാൻ എന്തായാലും സാധ്യമല്ല. അവസാനത്തെ തവണയാണ് മകളുടെ മുടി കെട്ടുന്നതെന്ന് ആ അമ്മ അറിഞ്ഞിട്ടുണ്ടാവുമോ? മനസ്സിലെ മുറിവുകൾ വീണ്ടും തുറക്കുകയാണ്. എന്തിനാണ് ഈ കുട്ടി പിന്നാലെ നടക്കുന്നത്?

കോൺ ഐസ്ക്രീം കിട്ടിയപ്പോൾ അവൾക്ക് സന്തോഷമായി. പൊതിഞ്ഞ ഗിൽട്ട് കടലാസ് പൊളിച്ച് ഐസ്ക്രീം തിന്നുകൊണ്ട് അവൾ അവരുടെ പിന്നാലെ നടന്നു. അയാൾ പറഞ്ഞു:

"മോൾ ഇനി പൊയ്ക്കോ, എന്തിനാണ് ഞങ്ങളുടെ പിന്നാലെ വരണത്?"

അവൾ ഒന്നും പറയാതെ ചിരിക്കുക മാത്രം ചെയ്തു. കുറച്ചു കഴിഞ്ഞ് തിരിഞ്ഞു നോക്കിയപ്പോൾ അവൾ പിന്നിൽത്തന്നെയുണ്ട്. ഐസ്ക്രീം തീരാറായിരിക്കുന്നു. തെരുവിൽ വെളിച്ചം കുറഞ്ഞുവന്നു. നിരത്തിന്റെ നടുവിലുള്ള സോഡിയം വേപ്പർ ലാമ്പുകൾ മടിച്ചുകൊണ്ട് കണ്ണു തുറന്നു. ഇരുവശത്തുമുള്ള കടകളിൽ വിളക്കുകൾ തെളിഞ്ഞു. അലങ്കരിച്ച ചില്ലു ഷോക്കേസുകൾ ശക്തിയുള്ള വിളക്കുകളാൽ പ്രകാശിച്ചു. രാത്രി വരികയാണ്. രാത്രി, നിരവധി അലങ്കാരവിളക്കുകളുടെ വർണപ്പകിട്ടോടെ എഴുന്നള്ളി വരുമ്പോൾ ഇവിടെ ഒരു ആറു വയസ്സുകാരി, ഏകയായി അതിനെ നേരിടാൻ പോകുകയാണ്. ഒരു രാത്രികൂടി, ഇരുണ്ട ജീവിതത്തിൽ ആശയുടെ മങ്ങിയ വിളക്കുകൾ മാത്രമുള്ള ഒരു രാത്രികൂടി.

അയാൾ കാറിന്റെ വാതിൽ തുറന്ന് കയറി. മറുവശത്ത് രമണിക്ക് കയറാൻ തുറന്നുകൊടുത്തു. തുറന്നിട്ട വാതിലിന്നരികെ റാണി നിന്നു. അയാൾ പറഞ്ഞു:

"മോളിനി പൊയ്ക്കോ."

അവൾ ചോദിച്ചു: "എന്നേം കൊണ്ടുപോവ്വോ?"

"എങ്ങോട്ട്?"

"നിങ്ങടെ വീട്ടിലേക്ക്?"

"ഞങ്ങടെ വീട്ടിലേക്കോ?"

അവൾ തലയാട്ടി. അയാൾ ഭാര്യയുടെ മുഖത്തു നോക്കി.

"നോക്കൂ. അവളെ എന്തെങ്കിലും കൊടുത്ത് പറഞ്ഞയയ്ക്കൂ. പിന്നെ ശല്ല്യാവും." രമണി പറഞ്ഞു.

"അവൾക്കാരുംല്ല്യാ." അയാൾ പറഞ്ഞു.

"അതിന് നമ്മളെന്താ ചെയ്യ്യാ?"

അയാൾ റാണിയെ നോക്കി. അവൾ പ്രതീക്ഷയോടെ നിൽക്കുകയാണ്. അയാൾ പറഞ്ഞു:

"അതൊന്നും പറ്റില്ല മോളെ, മോള് മാറി നിൽക്ക്."

അവൾ മാറിനിന്നു. അയാൾ വാതിലടച്ച് കാർ സ്റ്റാർട്ടാക്കി. അവളുടെ മുഖം വാടിയിരുന്നു. അയാൾ പഴ്സ് തുറന്ന് ഒരു പത്തു രൂപ നോട്ടെടുത്ത് അവൾക്കുനേരെ നീട്ടി. അവൾ വേണ്ടെന്ന് തലയാട്ടി. കാറെടുക്കാൻ

സൗകര്യപ്പെടുമാറ് കുറച്ചുകൂടി മാറി നിന്നുകൊണ്ട് അവൾ അയാളെ നോക്കി. അയാൾ ചിരിക്കാൻ ശ്രമിച്ചു.

കാറോടിച്ചുകൊണ്ടിരിക്കെ അയാൾ പറഞ്ഞു:

“നമുക്കവളെ ഒപ്പം കൂട്ടാമായിരുന്നു.”

“ഇനി അതുംകൂടിയേ വേണ്ടൂ, ബാക്കിയൊക്കെയായി.” അവൾ കുറച്ചു കാർക്കശ്യത്തോടെ പറഞ്ഞു.

ബാക്കിയൊക്കെ എന്നു പറയുന്നത് എന്തൊക്കെയാണെന്നയാൾക്കു മനസ്സിലായില്ല. അയാൾ ഈ അറുപതാംവയസ്സിലും മാസം പന്തീരായിരം രൂപയുണ്ടാക്കുന്നുണ്ട്. ബോംബെയിലുള്ള മകന്റെ ശമ്പളം എത്രയാണെന്ന് അയാൾക്കറിയില്ല. അറുപതിനായിരത്തിനും എഴുപതിനായിരത്തിനും ഇടയിൽ ആണെന്നയാൾ ഊഹിച്ചിരുന്നു. ഒരു കൊച്ചുകുട്ടിയുടെ ചെലവ് എന്തു വരും? വീട്ടിൽ താമസിപ്പിക്കാൻ പറ്റില്ലെങ്കിൽ അവളെ ഏതെങ്കിലും അനാഥാലയത്തിൽ ചേർക്കാമായിരുന്നു. ചെലവു കൊടുത്താൽ മതിയല്ലോ. താൻ ഒന്നും ചെയ്തില്ല. കൊണ്ടുപോകുമെന്ന പ്രതീക്ഷയുണ്ടായിരുന്നു ആ പാവത്തിന്. ഒരുപക്ഷേ, കഴിഞ്ഞ രണ്ടു ദിവസമായി അവൾ ഓരോരുത്തരുടെ പിന്നാലെ നടന്നിട്ടുണ്ടാവും, ഒപ്പം കൊണ്ടുപോകുമെന്ന പ്രതീക്ഷയിൽ. ആരും കൊണ്ടുപോകാതിരുന്നപ്പോൾ രാത്രിയിൽ പ്രാർഥിച്ചിട്ടുണ്ടാവും. നാളെ ആരെങ്കിലും കൊണ്ടുപോണേ. വീണ്ടും ഒറ്റയ്ക്ക് ഒരു രാത്രി. ഇന്ന് താനും അവളുടെ പ്രതീക്ഷകളെ തട്ടിമാറ്റി. ഇപ്പോൾ ഇരുട്ടിൽ പരുക്കൻ തെരുവിന്റെ ക്രൂരതയിൽ അവൾ വീണ്ടും ഒറ്റപ്പെട്ടിരിക്കുകയാണ്.

അയാൾ അവളുടെ അമ്മയെ ഓർത്തു. ആശുപത്രിയിൽ വച്ച് മരിച്ചു എന്നാണ് റാണി പറഞ്ഞത്. എന്തായിരിക്കും അസുഖം? ഇനി വല്ല അപകടവുമാണോ? മരിക്കുന്നതിനുമുമ്പ് മകളെ ആരെയും ഏൽപിക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ല. അല്ലെങ്കിൽ ആരെ ഏൽപിക്കാനാണ്? അമ്മ ഇനി ഉണ്ടാവില്ലെന്ന യാഥാർഥ്യം മനസ്സിലായപ്പോൾ അവൾ ഒറ്റയ്ക്ക് ആശുപത്രിയിൽ നിന്ന് പുറത്തിറങ്ങിയതായിരിക്കണം.

ഗെയ്റ്റിനു മുമ്പിൽ കാർ നിർത്തി. രമണി ഇറങ്ങി ഗെയ്റ്റ് തുറന്നു. കാർ അകത്തു കടന്ന ശേഷം അവൾ ഗെയ്റ്റടച്ചു കുറ്റിയിട്ടു. അവൾ കൈസഞ്ചിയിൽ നിന്ന് താക്കോൽ എടുത്ത് വാതിൽ തുറക്കുന്നത് അയാൾ കാറിൽ ഇരുന്നുകൊണ്ട് നോക്കി. അയാൾക്ക് ഇറങ്ങാൻ തോന്നിയില്ല. അയാൾ ആലോചിക്കുകയായിരുന്നു. കുട്ടിക്കാലത്ത്, നാലിലോ അഞ്ചിലോ പഠിക്കുമ്പോൾ, ഒരു ദിവസം സ്കൂളിൽ നിന്നു വരുമ്പോൾ ഒരു പൂച്ചക്കുട്ടി പിന്നാലെ കൂടി. വെള്ളയിൽ കറുപ്പുപാണ്ടുകളുള്ള കൗതുകമുള്ള ഒരു പൂച്ചക്കുട്ടി. ഒപ്പമുണ്ടായിരുന്ന മറ്റു കുട്ടികൾ വിളിച്ചെങ്കിലും അത് തന്റെ പിന്നിൽ നിന്ന് ഒഴിഞ്ഞില്ല. പക്ഷേ, വീട്ടിൽ എത്തിയപ്പോൾ പൂച്ചയെ വളർത്തുന്നതിന് ആർക്കും യോജിപ്പുണ്ടായിരുന്നില്ല. തന്റെ പ്രതിഷേധം വകവയ്ക്കാതെ അവർ അതിനെ എവിടെയോ കൊണ്ടുപോയി വിട്ടു. പിന്നെ അവൻ അതിനെ കാണുന്നത് ഏതോ വാഹനത്തിന്നടിയിൽപ്പെട്ട് ചതഞ്ഞ മട്ടിലാണ്.

അയാൾക്ക് വീട്ടിന്നുള്ളിൽ കയറാൻ തോന്നിയില്ല. അയാൾ കാറിൽ നിന്നിറങ്ങി ഗെയ്റ്റ് തുറന്നു. രമണി പുറത്തേക്കു വന്നു.

‘എന്തേ?’

‘ഞാൻ കുറച്ചു പെട്രോളടിച്ചിട്ടു വരാം.’

അയാൾ കാർ പുറത്തേക്കെടുത്തു.



നേരത്തേ പാർക്ക് ചെയ്ത സ്ഥലത്ത് കാറുകളൊന്നുമുണ്ടായിരുന്നില്ല. കാറിനുള്ളിൽ ഇരുന്നുകൊണ്ട് അയാൾ ചുറ്റും നോക്കി. നഗരം നേരത്തേ ഉറങ്ങുന്നു. നടപ്പാത ഒരുമാതിരി ഒഴിഞ്ഞുകിടക്കുകയാണ്. നരച്ച ഫ്രോക്കും ഉച്ചിയിൽ ചരടുകൊണ്ട് കെട്ടിവച്ച തലമുടിയും ചെളി പിടിച്ചതെങ്കിലും ചൈതന്യമുള്ള മുഖത്ത് തിളങ്ങുന്ന കണ്ണുകളുമുള്ള ഒരു കുട്ടിക്കുവേണ്ടി അയാൾ ചുറ്റും നോക്കി. കുറച്ചകലെ ഷട്ടർ താഴ്ത്തിയ ഒരു കടയുടെ ഒതുക്കുകല്ലിൽ അവൾ ചുരുണ്ടു കിടക്കുന്നു. ഉറക്കമാണ്. അയാൾ പുറത്തേക്ക് ഇറങ്ങാനായി വാതിൽ തുറന്നു. അപ്പോഴാണയാൾ കണ്ടത്, ഒരച്ഛനും അമ്മയും മകനും കൂടി നടന്നുവരുന്നു. പാവപ്പെട്ടവർ, കൂലിവേല ചെയ്തു ജീവിക്കുന്നവരായിരിക്കണം. തൊട്ടുമുമ്പ് അവർ, കച്ചവടം മതിയാക്കി പോകാനായി ഒരുങ്ങുന്ന ഒരു വഴിവാണിഭക്കാരന്റെ കൈയിൽ നിന്ന് മകനുള്ള ഒരു ഷർട്ട് പിശകി വാങ്ങുന്നത് അയാൾ കണ്ടിരുന്നു. അമ്മയുടെ കൈപിടിച്ചു നടക്കുന്ന മകന് ഏഴെട്ടു വയസ്സായിട്ടുണ്ടാവും. അവർ റാണി കിടക്കുന്നിടത്തെത്തിയപ്പോൾ പെട്ടെന്നു നിന്നു. രണ്ടുപേരുംകൂടി അടുത്തു ചെന്ന് അവളെ നോക്കി എന്തോ സംസാരിക്കുകയാണ്. പുരുഷൻ അവൾ കിടക്കുന്നിടത്ത് മുട്ടുകുത്തി ഇരുന്ന് അവളെ വിളിച്ചുണർത്തി. അവൾ ഉറക്കച്ചടവോടെ എഴുന്നേറ്റിരുന്ന് അവരുടെ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞു. പിന്നെ എഴുന്നേറ്റ് അയാളുടെ കൈപിടിച്ച് ഒപ്പം നടന്നുപോയി. തെരുവിന്റെ ഒരറ്റത്തെത്തിയപ്പോൾ അയാൾ അവളെ എടുത്തു നടക്കുകയായിരുന്നു. അവൾ അവളുടെ കൊച്ചുകൈ അയാളുടെ കഴുത്തിലൂടെ ഇട്ടിരുന്നു.

അയാൾ കാറിന്റെ വാതിലടച്ചു. കുറേ നേരം സ്റ്റിയറിങ് വീലിന്മേൽ കൈവച്ച് അനങ്ങാനാവാതെ ഇരുന്നു. അയാൾക്ക് എന്തൊക്കെയോ നഷ്ടപ്പെട്ടിരുന്നു.

**(അനിതയുടെ വീട്)**

- അനാഥയായ പെൺകുട്ടിയെ ഒഴിവാക്കി വീട്ടിലെത്തിയ കഥാനായകൻ കുട്ടിക്കാലത്ത് തെരുവിൽനിന്ന് വീട്ടിലേക്ക് എടുത്തുകൊണ്ടുവന്ന പൂച്ചക്കുട്ടിയെക്കുറിച്ച് ഓർത്തുപോകുന്നു. കഥാനായകന്റെ ഈ ഓർമയ്ക്ക് കഥയിൽ എന്തു പ്രസക്തിയാണുള്ളത്? പരിശോധിക്കുക.
- – വഴിവാണിഭക്കാരനിൽ നിന്നു മകനുള്ള ഷർട്ട് പിശകിവാങ്ങുന്ന മാതാപിതാക്കൾ.
  - പട്ടുസാരികളുടെ പളപളപ്പിലൂടെ ഇഷ്ടപ്പെട്ട നിറമുള്ള സാരി തേടിപ്പോകുന്ന രമണി.
  - നരച്ച ഫ്രോക്ക് ധരിച്ച് അഭയത്തിന് യാചിക്കുന്ന റാണി.

ഇത്തരത്തിലുള്ള വിരുദ്ധ ജീവിതാവസ്ഥകളുടെ ചിത്രങ്ങളാണ് ഈ കഥയുടെ ഭാവതലത്തെ ശക്തമാക്കുന്നത്. കഥ വിശകലനം ചെയ്ത് സ്വാഭിപ്രായം സ്ഥാപിക്കുക.

- കഥയുടെ ശീർഷകം കഥാനായകന്റെ നഷ്ടങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. എന്തൊക്കെയാവാം അയാൾക്ക് നഷ്ടപ്പെട്ടത്? കഥ വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയാറാക്കുക.
- സ്വന്തം ദൗർബല്യങ്ങളെ അന്യരിൽ ആരോപിച്ച് കഥാനായകന് രക്ഷപ്പെടാനാവുമോ? പ്രശ്നങ്ങളിൽ ഇടപെടാതെ, ചെയ്യേണ്ടതു ചെയ്യാതെ ഒഴിഞ്ഞുമാറുന്ന ജീവിതസമീപനം സമൂഹത്തിൽ വ്യാപകമാവുന്നുണ്ടോ? സമകാലികസംഭവങ്ങൾ വിശകലനംചെയ്ത് പ്രഭാഷണം തയാറാക്കുക.
- 

3

# അലയും മലയും കടന്നവർ

# ആടുജീവിതം

**ബെന്യാമിൻ**



**ഞാ**നും ഒരു അർബാബും കുറേ ആടുകളും മാത്രമുള്ള ഒരു അന്യഗ്രഹത്തിലാണ് എന്റെ താമസം എന്ന എന്റെ വാചകത്തെ വല്ലപ്പോഴുമെങ്കിലും മുറിച്ചുകളയുന്നത് ആഴ്ചയിൽ രണ്ടുപ്രാവശ്യം വരുന്ന വെള്ളംവണ്ടിയും ആഴ്ചയിൽ ഒരിക്കൽ വരുന്ന പോച്ചക്കച്ചി ട്രെയിലറും മാസത്തിലൊരിക്കൽ വരുന്ന ഗോതമ്പുലോറിയുമാണ്. ഞാൻ വസിക്കുന്ന ലോകത്തിനെ പ്രപഞ്ചത്തിന്റെ ഇതരഭാഗങ്ങളുമായി ബന്ധിപ്പിക്കാനുള്ള ഏകവഴിയാണ് ഈ വണ്ടികൾ. അതിൽ വരുന്നത് മുഴുവൻ പാകിസ്താനി പട്ടാണികളാണ്. അവരുമായി ബന്ധം സ്ഥാപിച്ചാൽ എനിക്കു പുറംലോകവുമായി ബന്ധപ്പെടാം. ഞാൻ ഇവിടെ ഒരിടത്തു ജീവിച്ചിരിക്കുന്നു എന്നെങ്കിലും അവരെ അറിയിക്കാം. അവർ വഴിയാണ് എനിക്ക് എന്നെങ്കിലും ഒരിക്കൽ രക്ഷപ്പെടാനുള്ള മാർഗവും. അങ്ങനെ എന്തെങ്കിലും ഒരു സാധ്യത എന്നെങ്കിലും ഒരു ദിവസം വീണുകിട്ടും എന്ന പ്രതീക്ഷ എന്റെ ഉള്ളിലെവിടെയോ മയങ്ങിക്കിടപ്പുണ്ട്. പക്ഷേ, എന്റെ എല്ലാ സാധ്യതകളെയും അവസാനിപ്പിച്ചുകൊണ്ട് അവർ വരുന്ന ദിവസം അർബാബ് എന്നെ നേരത്തേ മരുഭൂമിയിലേക്കു പറഞ്ഞുവിടും. അവർ മടങ്ങിപ്പോയിക്കഴിഞ്ഞേ ആടുകളുമായി മടങ്ങാൻ പാടുള്ളൂ. അവർ വണ്ടിയിൽ വന്നു ടാങ്കിൽ വെള്ളം നിറയ്ക്കുന്നതിനും കച്ചിയും

പോച്ചയും ഗോതമ്പും ഒക്കെ അട്ടിയിറക്കുന്നതിനും സഹായിക്കാൻ മാത്രമേ എനിക്കു വിധിയുള്ളൂ. എന്നാലും ആ വണ്ടികൾ മസറയോടടുക്കുമ്പോൾ എന്റെ മനസ്സ് എന്തെന്നില്ലാത്ത ഒരു സന്തോഷംകൊണ്ടു പിടയും. എന്റെ ആരോ പ്രിയപ്പെട്ടവർ എന്റെ വീട്ടിൽ വിരുന്നിനു വന്നതുപോലെ എനിക്കന്നേരം ഒരു സന്തോഷമാണ്. ഞാൻ ആടുകളോടു പതിവിലധികം സല്ലപിക്കുകയും അവകളോട് ഉച്ചത്തിൽ വർത്തമാനം പറയുകയും ചെയ്യും. പക്ഷേ, എന്നെ അകലത്താക്കി ആ വണ്ടികൾ പൊടിപറത്തി ദൂരേക്ക് ഓടി മറയുമ്പോൾ എന്നിൽനിന്ന് ഒരു ലോകംതന്നെ ഓടി മറയുന്നതായിട്ടാണ് എനിക്കു തോന്നുക. അന്നേരം ഹൃദയം വാർന്നൊഴുകിപ്പോയതുപോലെ ഒരു തളർച്ച എന്നെ ബാധിക്കും.

യാദൃച്ഛികമായി ഒരു ദിവസം ചുമടിറക്കാൻ ആളില്ലാതെയാണ് ഒരു ട്രെയിലർ വന്നത്. നിവൃത്തിയില്ലാതെ അർബാബ് എന്നെ മരുഭൂമിയിൽ നിന്നും തിരിച്ചുവിളിച്ചു. അതിന്റെ ഡ്രൈവറും ഒരു പാകിസ്താനിയായിരുന്നു. എത്രയോ കാലത്തിനുശേഷം മൂന്നാമത് ഒരു മനുഷ്യനെ ഞാൻ അത്രയും അടുത്തുകാണുകയായിരുന്നു. അയാളുടെ വിയർപ്പിനുപോലും ഒരു മണമുണ്ടെന്ന് എനിക്കു തോന്നിപ്പോയി. ഞാൻ താമസിക്കുന്നത് ഏതുതരം ദുർഗന്ധത്തിനുള്ളിലാണെന്ന് നേർത്ത ഒരു തോന്നൽ അപ്പോൾ മാത്രം എനിക്കുണ്ടായി. ഒരു മനുഷ്യനെ കണ്ട സന്തോഷത്തിൽ ഞാനയാളെ ഒന്നു തൊടുകപോലും ഉണ്ടായി. അപ്പോൾ എന്റെ ഉള്ളിലൂടെ ആത്മനിർവൃതിയുടെ ഒരു കുളിർരേഖ കടന്നുപോകുന്നതു ഞാൻ വ്യക്തമായും അനുഭവിച്ചു.

ചുമടിറക്കുന്നതിനിടെ എനിക്കറിയാവുന്ന എല്ലാ ഭാഷയിലും എന്റെയുള്ളിലെ എല്ലാ സങ്കടവും നിറച്ച് ഞാനയാളോട് എന്നെ ഈ നരകത്തിൽ നിന്നും എങ്ങനെയെങ്കിലും രക്ഷിക്കണം എന്നു കെഞ്ചിപ്പറഞ്ഞു. പക്ഷേ, അയാളുടെ മുഖത്ത് ആകെ നിറഞ്ഞുനിന്നത് കനത്ത നിർവികാരത മാത്രമായിരുന്നു. അയാൾ എന്നെ ഒന്നു ഗൗനിക്കുകകൂടി ചെയ്തില്ല. എനിക്കപ്പോൾ ഉണ്ടായ സങ്കടം! ട്രെയിലറിനടുത്തേക്ക് അർബാബ് എന്നെ കൈയാട്ടിവിളിച്ചപ്പോൾ സർവ ആടുകളെയും ഉപേക്ഷിച്ചു ഞാൻ ഓടിയ ഒരു ഓട്ടമുണ്ട്. ജീവിതത്തിന്റെ പ്രതീക്ഷയിലേക്കും വെളിച്ചത്തിലേക്കുമുള്ള പ്രത്യാശ നിറച്ച ഒരോട്ടമായിരുന്നു അത്. ഇതാ, ആ നിമിഷം വന്നിരിക്കുന്നു എന്നായിരുന്നു അപ്പോഴത്തെ വിചാരം. പക്ഷേ, അയാളുടെ ഒരൊറ്റ നിസ്സംഗ നോട്ടം കൊണ്ട് ആ പ്രതീക്ഷയെല്ലാം എന്നിൽ നിന്ന് അപ്പാടെ വാർന്നൊഴുകിപ്പോയി. കച്ചിയുടെയും പോച്ചയുടെയും കെട്ടുകൾ തലയിൽ താങ്ങി ഇറക്കുമ്പോൾ ദയാപൂർവം ഞാൻ അയാളെ നോക്കും. എന്തെങ്കിലും ഒരു അംഗവിക്ഷേപത്തിലൂടെ അയാളുടെ ശ്രദ്ധ ആകർഷിക്കാൻ ശ്രമിക്കും. വളരെ യാദൃച്ഛികമെന്നോണം അയാളുടെ അരികിലൂടെ നടന്ന് എന്നെ ഇവിടന്നു രക്ഷിക്കണം എന്നു പറയും. ഇടയ്ക്കൊരു വട്ടം യാദൃച്ഛികമെന്നോണം ഒരു കച്ചിക്കെട്ട് താഴെയിടുകയും അതെടുക്കാനെന്ന മട്ടിൽ കുനിഞ്ഞ് അയാളുടെ കാലിൽ ഞാൻ പിടിക്കുകയും ചെയ്തു. അപ്പോൾപ്പോലും അയാളെന്റെ കണ്ണിൽ ഒന്നു നോക്കുകകൂടി ചെയ്തില്ല. കഷ്ടം! എന്റെ നെഞ്ച് തകർന്നുപോയ വിധം...

സാധനമിറക്കി എന്നോടൊന്നു പുഞ്ചിരിക്കുക



പോലും ചെയ്യാതെ അയാൾ വണ്ടിയോടിച്ചു പോയി. എന്നിലെ പ്രതീക്ഷ അന്ധകാരത്തിലേക്കു വീണടിയുകയായിരുന്നു. ഞാനപ്പോൾ അയാളെ ശപിച്ച വിധം! ഇപ്പോഴെനിക്കത് ആലോചിക്കുകകൂടി വയ്യ.

ലോകത്തൊരാളും ഒരപരിചിതനെ ഇത്രയധികം ശപിച്ചുകാണില്ല, ദ്വേഷിച്ചു കാണില്ല. ആടുകളെ തടുത്തുകൂട്ടാൻ മരുഭൂമിയിലേക്കു തിരിച്ചു നടക്കുമ്പോൾ എന്റെ നെഞ്ചിൽ ആഞ്ഞ് രണ്ടിടി ഇടിച്ചാണ് ഞാൻ ആ ദേഷ്യം കുറേയെങ്കിലും കലക്കിക്കളഞ്ഞത്.

വർഷങ്ങളായി എന്റെ അർബാബിനെ അടുത്തറിയാവുന്ന അയാളുടെ അപ്പോഴത്തെ നിസ്സഹായാവസ്ഥ എനിക്കിപ്പോൾ ഊഹിക്കാൻ കഴിയും. അയാൾ എന്നോട് സംസാരിക്കാൻ മുതിർന്നിരുന്നെങ്കിൽ അർബാബ് എന്താണ് അയാളോടു ചെയ്യുക എന്നു പറയാനാവില്ല. പിന്നെ ഒരിക്കൽ ഗോതമ്പിറക്കാൻ വന്ന ഒരു വണ്ടിക്കാരൻ എന്നോടെന്തോ സംസാരിക്കാൻ ശ്രമിച്ചതും അർബാബ് തോക്കുമായി ചാടി വന്നതും ഒന്നിച്ചായിരുന്നു. അതുപോലെത്തന്നെ ഒരു വെള്ളംവണ്ടിക്കാരൻ എന്നോടു സംസാരിച്ചതിന് അർബാബ് അയാളെ തോക്കിന്റെ പാത്തികൊണ്ട് അടിച്ചു നിലത്തിട്ടതും എനിക്കോർമയുണ്ട്. എനിക്കു മുമ്പേ എന്നെപ്പോലെ എത്ര 'ആടുകൾ' ഈ മസറയിൽ പെട്ടുപോയിട്ടുണ്ടാവണം. ഒരുപക്ഷേ, അവരിൽ ചിലരെയെങ്കിലും രക്ഷപ്പെടുത്താൻ ശ്രമിച്ചതിന്റെ തിക്തഫലം പാകിസ്താനിയുടെ മനസ്സിൽ തികട്ടുന്നുണ്ടായിരിക്കണം. ഒരുപക്ഷേ, എന്നെ അങ്ങനെ നിഷ്കരുണം ഉപേക്ഷിച്ചതിന്റെ വേദനയിൽ അയാൾ വണ്ടിയിലിരുന്നു നെഞ്ചുപൊട്ടി കരഞ്ഞു കാണില്ലെന്ന് ആരറിഞ്ഞു! അല്ലെങ്കിലും അയാൾ എന്നെ ഉപേക്ഷിക്കുകയായിരുന്നില്ല എന്നു വിശ്വസിക്കാനാണ് എനിക്കിഷ്ടം. അന്നുതന്നെ ഏറെ വൈകിയതിനു മുമ്പേ ഞാൻ അങ്ങനെ എന്റെ മനസ്സിനെ പറഞ്ഞു പഠിപ്പിച്ചു. ഞാൻ എന്റെ പല വേദനകളെയും നീന്തിപ്പോന്നത് അങ്ങനെയാണ്. കരുണാമയനായ അല്ലാഹുവേ, നീ എനിക്കു തന്ന കഠിനദിവസങ്ങളിലൂടെ നടന്നുപോകേണ്ടത് എന്റെ മാത്രം വിധിയായിരുന്നു. അതിന്റെ പേരിൽ നിരപരാധിയായ ഒരു മനുഷ്യനോട് ദ്വേഷിക്കുകയും മനസ്സിൽ ശപിക്കുകയും ചെയ്തതിനു നീ എന്നോടു പൊറുക്കേണമേ...

ആദ്യം എല്ലാത്തിനും മസറയിൽ ഒരു മുശടു വാടയായിരുന്നു; ഛർദ്ദിക്കാൻ തോന്നുന്ന തരം വാട. ആടുകളുടെ മൂത്രത്തിന്റെ ചൂരും കാഷ്ഠത്തിന്റെ ചൂരും മൂത്രം വീണുനനഞ്ഞ പോച്ചയുടെയും കച്ചിയുടെയും വാടയും



എല്ലാം ചേർന്ന ഒരു അസഹ്യഗന്ധം. അതിന് ഏകദേശം സമാനമായ ഒരു ഗന്ധം ഞാൻ എന്നെങ്കിലും അനുഭവിച്ചിട്ടുണ്ടെങ്കിൽ അതു സർക്കസ്കൂടാരത്തിന്റെ ഗന്ധമാണ്.

ആടിന്റെ പാലിനുപോലും ഉണ്ടായിരുന്നു ആ വാട. ഖുബ്ബൂസിന്റെ ഓരോ കഷണം പാലിൽ മുക്കുമ്പോഴും ഈ വാടകൾ എല്ലാം എന്റെ മൂക്കിലേക്ക് അടിച്ചുകയറും. ആദ്യത്തെ ദിവസങ്ങളിൽ അങ്ങനെ എത്രവട്ടം ഞാൻ ഛർദ്ദിച്ചുപോയിരിക്കുന്നു. എന്നാൽ പതിയെ പതിയെ ആ വാട എന്നിൽ നിന്ന് അകന്നു പോയി. അല്ലെങ്കിൽ അങ്ങനെ ഒരു വാടയെ പ്പറ്റി മറന്നുപോയി. പിന്നെ പലവട്ടം ആഗ്രഹിച്ചുനോക്കിയിട്ടും എനിക്കത് അനുഭവിക്കാൻ പറ്റിയിട്ടേയില്ല. അങ്ങനെ ഒരു വാട നിലനിന്നിരുന്നു എന്നു വിശ്വസിക്കാൻപോലും കഴിയാനാവാത്തവിധം അതെന്നിൽ ലയിച്ചുകഴിഞ്ഞിരുന്നു. എന്നുമാത്രമല്ല, ആടുകളുടെ ഗന്ധവൈജാത്യങ്ങൾ തിരിച്ചറിയാൻ ഞാൻ പ്രാപ്തനാവുകയും ചെയ്തു. അതായത്, മുട്ടനാടുകൾക്ക് ഒരു പ്രത്യേക മണം, ചെമ്മരിയാടുകൾക്കു വേറൊരു മണം. ചെമ്മരിയാടുകൾ തന്നെ ഒരു നൂറു വിധമുണ്ട്. അതിനെല്ലാം വേറെവേറെ മണം. ഗർഭിണിയായ ആടുകൾക്ക് ഒരു മണം. പ്രസവിക്കാറായ ആടുകൾക്ക് അതിലും വ്യത്യസ്തമായ മണം. ആ മണം അറിഞ്ഞ് ആടു പ്രസവിക്കുന്ന ദിവസം കണക്കുകൂട്ടാൻ പോലും എനിക്കു കഴിയുമായിരുന്നു. ഇന്നു പ്രസവിച്ചുവീണ കുട്ടിക്ക് ഒരു മണം. മുതിർന്ന കുട്ടിക്കു വേറൊരു മണം. വാവുകാലമായ ആടുകൾക്ക് ഒരു മണം. ഇതിൽ നിന്നെല്ലാം വ്യത്യസ്തമാണ് ഒട്ടകങ്ങളുടെ മണം. ഒട്ടകങ്ങൾതന്നെ രണ്ടുവിധമുണ്ട്. ഒരു പൂഞ്ഞയുള്ളതും ഇരുപൂഞ്ഞയുള്ളതും. അതിനു രണ്ടിനും വ്യത്യസ്ത മണങ്ങളാണ് ഉള്ളത്. ഒരു മണവും ഇല്ലാതെ ഒരു ജീവിയേ മസറയിൽ ഉണ്ടായിരുന്നുള്ളൂ. അതു ഞാൻ എന്ന മൃഗമാകുന്നു...

ഒരു ദിവസം എനിക്കു പെട്ടെന്നൊരു മോഹമുദിച്ചു. സൈനുവിന് ഒരു കത്തെഴുതണം. എങ്ങനെ അത് അവളുടെ കൈവശം എത്തും എന്നൊന്നും എനിക്കപ്പോൾ ആലോചനയില്ല. എഴുതണം. എഴുതണം. ഉച്ച ഖുബ്ബൂസിനും പച്ച വെള്ളത്തിനും ശേഷം കിട്ടിയ ഇത്തിരി ഇടവേളയിൽ ഞാൻ കട്ടിലിനടിയിൽ നിന്നും എന്റെ ബാഗ് വലിച്ചെടുത്തു. അതിനുള്ളിൽ ബോംബെയിൽ നിന്നു വാങ്ങിയ ഒരു ലെറ്റർപാഡും പേനയും ഉണ്ടായിരുന്നു. ഞാനതു കൈയിലെടുത്തു. ഒത്തിരി കുത്തി വരച്ചശേഷമാണ് പേന ഇത്തിരി തെളിഞ്ഞത്. ഞാൻ ആദ്യമായിട്ടാണ് ഒരു കത്തെഴുതുന്നത്. എങ്ങനെ എഴുതണം എന്നൊരു പിടിയും ഇല്ലായിരുന്നു. എങ്കിലും മനസ്സിലെ വിചാരങ്ങൾ സ്വരുക്കൂട്ടി ഞാൻ എഴുതിത്തുടങ്ങി:

എന്റെ എത്രയും പ്രിയപ്പെട്ട സൈനു,

ഞാനിവിടെ സുഖമായി എത്തിച്ചേർന്നിരുന്നു. എന്നാൽ ജോലിത്തിരക്കുകാരണം എനിക്ക് ഒരു കത്തെഴുതാൻപോലും പറ്റിയില്ല. നീ അവിടെ സങ്കടപ്പെട്ടിരിക്കുകയാണെന്ന് എനിക്കറിയാം. വിഷമിക്കണ്ട. നിന്റെ ഇക്ക ഇവിടെ സുഖമായിരിക്കുന്നു. പാലും കമ്പിളിയും ഉണ്ടാക്കുന്ന ഒരു വലിയ കമ്പനിയിലാണ് എനിക്കു ജോലി. നല്ല ജോലിയാണ്. നമ്മളൊന്നും ചെയ്യണ്ട. എല്ലാം മിഷ്യൻ ചെയ്തോളും. എനിക്കാണ് കമ്പനിയുടെ മേൽനോട്ടം. എന്റെ അർബാബിന് എന്നെ വലിയ ഇഷ്ടമായി. എന്റെ ജോലി ഇഷ്ടമായി. എനിക്ക് ഇടയ്ക്കിടെ നല്ല സമ്മാനങ്ങൾ തരാറുണ്ട്. ഇവിടെ വിശാലമായ ഒരു സ്ഥലത്താണ് എന്റെ മുറിയും താമസവും. എന്റെ കട്ടിലിൽ ഇരുന്നാൽ എനിക്ക് അടുത്ത പ്രദേശങ്ങൾ മുഴുവൻ കാണാം. അത്ര സുന്ദരമായ സ്ഥലമാണ്. പിന്നെ ആഹാരം. ഞാനിതുവരെ കഴിച്ചിട്ടില്ലാത്ത എന്തൊക്കെ ആഹാരങ്ങളാണെന്നോ അർബാബ് എനിക്കു കൊണ്ടുതരുന്നത്. ഇപ്പോത്തന്നെ ഖുബ്ബൂസും ചിക്കൻ കറിയും മട്ടൻ മസാലയും കഴിച്ച് ഒരു ഗ്ലാസ് കട്ടിപ്പാലും കുടിച്ചശേഷമാണ് ഈ കത്തെഴുതാൻ ഇരിക്കുന്നത്. ഇത്ര ദിവസംകൊണ്ടു തന്നെ എനിക്കു വല്ലാതെ തടിവച്ചോ എന്നൊരു സംശയം. ഇപ്പോ ഉച്ചയ്ക്കത്തെ വിശ്രമസമയമാണ്. ഇനി കുറച്ചുകഴിഞ്ഞ് എനിക്കു ജോലിയിൽ പ്രവേശിച്ചാൽ മതി.

അതുവരെ സുഖമുള്ള കാറ്റേറ്റ് കിടന്നുറങ്ങാം.

നമ്മുടെ നാട്ടുകാരായ കുറച്ചുപേരൊക്കെ എനിക്കൊപ്പം ഇവിടെയുണ്ട്. റാവുത്തർ, രാഘവൻ, വിജയൻ, പോക്കർ എന്നിങ്ങനെ കുറച്ചുപേർ. എനിക്കവരുമായി അധികം സഹവാസവും മിണ്ടാട്ടവും ഒന്നുമില്ല. അർബാബിന് അതിഷ്ടമല്ല. അർബാബിന് ഹൂറിയായ ഒരു മകളുണ്ട്. വൈകുന്നേരത്ത് ഞാൻ അവളോടൊപ്പം നടക്കാൻ പോകും. ഞാൻ തന്നെ ചെല്ലണമെന്ന് അവൾക്കു നല്ല നിർബന്ധമാണ്. മേരിമൈമുന എന്നാണ് അവളുടെ പേര്.

ഇത്രയൊക്കെയാണ് എന്റെ വിശേഷങ്ങൾ. അവിടെ നിനക്കും ഉമ്മയ്ക്കും സുഖമെന്നു വിചാരിക്കുന്നു.

ഇനിയും സമയം കിട്ടുമ്പോൾ എഴുതാം.

എന്നു നിന്റെ സ്വന്തം ഇക്ക നജീബ്.

ഞാൻ പേപ്പർ മടക്കി. പിന്നെ കണ്ണടച്ചിരുന്നു കുറേ കരഞ്ഞു. ആ കത്തല്ല, ആ കരച്ചിലായിരുന്നു എന്റെ സത്യം; ആരും വായിക്കാത്ത സത്യം.

**(ആടുജീവിതം)**

- ആടുസൂക്ഷിപ്പുകാരന്റെ ജീവിതകഥയ്ക്ക് 'ആടുജീവിതം' എന്ന് ശീർഷകം നൽകിയത് ഉചിതമായോ? ചർച്ചചെയ്യുക.
- ആടുജീവിതം ഒരു പ്രവാസിയുടെ യഥാർഥ അനുഭവങ്ങളിൽ നിന്ന് രൂപംകൊണ്ട കൃതിയാണെന്ന് നോവലിസ്റ്റ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. "യാഥാർഥ്യങ്ങൾ കെട്ടുകഥകളേക്കാൾ വിചിത്രങ്ങളാണ്" എന്ന നിരീക്ഷണവുമായി ചേർത്തുവച്ച് നജീബിന്റെ അനുഭവങ്ങൾ വിലയിരുത്തുക.
- നജീബ് എഴുതിയ കത്ത് വായിച്ചല്ലോ.

  - കത്ത് മേൽവിലാസക്കാരിക്ക് ഒരിക്കലും കിട്ടില്ലെന്ന് ഉറപ്പാണ്.
  - അനുഭവങ്ങൾ സത്യസന്ധമായല്ല കത്തിൽ വിവരിക്കുന്നത്.

  എങ്കിൽ, നജീബ് ഇത്തരം ഒരു കത്ത് എഴുതാനുള്ള പ്രേരണകൾ എന്തൊക്കെയാവാം? ചർച്ചചെയ്യുക.
- എന്റെ നെഞ്ച് തകർന്നുപോയവിധം...<br>ഞാനപ്പോൾ അയാളെ ശപിച്ച വിധം...

  ഇത്തരം അപൂർണവാക്യങ്ങൾ കഥാസന്ദർഭത്തിന്റെ ഭാവപരമായ മേന്മയ്ക്ക് സഹായകമാവുന്നുണ്ടോ? വിശദീകരിക്കുക.

# ആസ്സാംപണിക്കാർ

**വൈലോപ്പിള്ളി ശ്രീധരമേനോൻ**

ജനിച്ച നാടുവി,ട്ടകലെയാസ്സാമിൽ
പണിക്കു പോയ്‌വരും പരിഷകൾ ഞങ്ങൾ.

കുതിച്ചു തീവണ്ടി കിതച്ചു പായുന്നൂ,
കുതുകാൽ ചിന്തകൾ കുതിക്കുന്നൂ മുമ്പേ.

പല നാളായ് പിരിഞ്ഞിരുന്ന ഞങ്ങൾക്കീ
മലനാടെത്രമേൽ മധുരദർശനം!

തുരുതുരെ കൊക്കു പറക്കും പാടങ്ങൾ,
തുടരണിമണി കിലുങ്ങും മേടുകൾ,

മുടി വിടുർത്താടും കവുങ്ങുതെങ്ങുകൾ-
ക്കിടയ്ക്കു പുഞ്ചിരി പൊഴിക്കും വീടുകൾ

കരയ്ക്കു മാമ്പൂവാം നിരത്തുകൾ, നാട്ടിൻ-
പുറത്തെ സ്വപ്നം കണ്ടെഴും നഗരികൾ.

ഉടനുടനോടിയടുക്കട്ടേ, ചുറ്റും
നടനം ചെയ്യട്ടേ, പഴയ കൂട്ടുകാർ!

ഒരൊറ്റത്തെങ്ങു കണ്ടിടത്തിലൊക്കെയും
സ്മരിച്ചു ഞങ്ങളീപ്പിറന്ന നാടിനെ;

വെളുത്ത വസ്ത്രമൊന്നുടുത്തു കണ്ടിട-
ത്തലിവൊടോർത്തിതീയമലനാടിനെ.



അറിയുമേ ഞങ്ങ,ളറിയുമീ നാടു
നരകമാക്കീടും നരകീടങ്ങളെ.

പഹയന്മാരോടു പകരം വീട്ടട്ടേ
പകയിൽ നീറുന്ന വരുന്ന കാലങ്ങൾ.

ഇവിടെ ഞങ്ങൾക്കീപ്പഴയ മണ്ണിൽത്താ-
നിനിയും ജീവിതം പടർത്തുകിൽ പോരും.

ഉദരത്തിൻ പശി കെടുത്താൻ പോയ് ഞങ്ങൾ;
ഹൃദയത്തിൻ വിശപ്പടക്കുവാൻ പോന്നു.

നിറഞ്ഞിരിക്കിലും ദരിദ്രമീ രാജ്യം,
നിറന്നിരിക്കിലും വികൃത,മെങ്കിലും

ഇവിടെ സ്നേഹിപ്പാ,നിവിടെയാശിപ്പാ,
നിവിടെ ദുഃഖിപ്പാൻ കഴിവതേ സുഖം!

**(കന്നിക്കൊയ്ത്ത്)**

- "നിറഞ്ഞിരിക്കിലും ദരിദ്രമീ രാജ്യം,
  നിറന്നിരിക്കിലും വികൃത, മെങ്കിലും
  ഇവിടെ സ്നേഹിപ്പാ,നിവിടെയാശിപ്പാ,
  നിവിടെ ദുഃഖിപ്പാൻ കഴിവതേ സുഖം!"

  ഈ കാവ്യഭാഗത്ത് ഏതൊക്കെ തരത്തിലുള്ള വൈരുധ്യങ്ങളാണ് തെളിയുന്നത്? യഥാർഥത്തിൽ അവ വൈരുധ്യങ്ങളാണോ? ചർച്ചചെയ്ത് നിഗമനങ്ങൾ അവതരിപ്പിക്കുക.

- ആസ്സാംപണിക്കാർ എന്ന കവിതയുടെ ആദ്യഭാഗത്തുവരുന്ന ഈ വരികൾ ശ്രദ്ധിക്കൂ:

  "അറിയുമേ ഞങ്ങ,ളറിയും നീതിയും
  നെറിയും കെട്ടൊരീപ്പിറന്ന നാടിനെ!
  അതിഥികൾക്കെല്ലാമമരലോകമീ-
  ക്കിതവി ഞങ്ങൾക്കു നരകദേശവും."

  പാഠഭാഗത്തു നിന്നുതന്നെയുള്ള ഈ ഭാഗങ്ങളും നോക്കൂ.

  "മലനാടെത്രമേൽ മധുരദർശനം!"
  "അലിവൊടോർത്തിതീയമലനാടിനെ"

ജന്മനാടിനെക്കുറിച്ചുള്ള അഭിപ്രായത്തിൽ ഇത്തരത്തിലുള്ള മാറ്റം ഉണ്ടായതെന്തുകൊണ്ട്? ചർച്ചചെയ്യുക.

- ഈ യൂണിറ്റിലെ രചനകളെ 'ഹൃദയത്തിൻ വിശപ്പ്' എന്ന പൊതുശീർഷകം കൊണ്ട് നിർവചിക്കാൻ കഴിയുമോ? ചർച്ചചെയ്ത് ലഘുപ്രബന്ധം തയാറാക്കുക.

# പദാവലി

**അ**

അട്ടിയിറക്കുക - ഭാരമുള്ള വസ്തുക്കൾ ഉയരത്തിൽ നിരയായി വച്ചത് താഴെ ഇറക്കുക- അട്ടിമറി

അധിനിവേശം - കുടിയേറ്റം, കോളനിസംസ്ഥാപനം

അനാദിക്കട - പലചരക്കുകട

അനിതരസാധാരണം - മറ്റുള്ളവരിൽ കാണാത്തത്

അനുചരവൃന്ദം - കൂടെ നടക്കുന്നവരുടെ കൂട്ടം

അനുവർത്തിക്കുക - അനുകരിക്കുക, കണ്ടുചെയ്യുക

അന്തം മറഞ്ഞിരിക്കുക - അന്തം വിട്ടിരിക്കുക

അമലം - വിശുദ്ധം

അയക്കോൽ - വസ്ത്രം ഉണക്കാനിടുന്ന വടി

അർബാബ് (അറബിവാക്ക്) - രക്ഷിതാവ്, ഉടമസ്ഥൻ

**ആ**

ആടലോടകം - ഒരു ഔഷധസസ്യം

**ഇ**

ഇഹലോകം - ഈ ലോകം

**ഈ**

ഈറ്റുചോര - പ്രസവസമയത്തെ രക്തം

**ഉ**

ഉത്തരക്ഷണം - അടുത്ത നിമിഷം

ഉദാരമനസ്ക - ഉദാരമായ മനസ്സോടു കൂടിയവൾ, ദയാമയി (*സന്ദർഭത്തിൽ*)

ഉദ്യമിക്കുക - പരിശ്രമിക്കുക

ഉദയഗതി - ഉദയത്തിന്റെ ഗതി

**ക**

കമാന്തര - വിദ്യാഭ്യാസസ്ഥാപനം

കണ്ണേറ് - കരിങ്കണ്ണ് തട്ടുക

കാർക്കശ്യം - കടുപ്പം, കർക്കശാവസ്ഥ

കുക്കുടനാദം - കോഴികൂകുന്ന ശബ്ദം

കുടുമ - പുരുഷൻമാർ ക്ഷൗരം ചെയ്യുമ്പോൾ ആചാരപരമായി ശിരസ്സിൽ ബാക്കി നിർത്തിയിരുന്ന തലമുടി

കുതുകാൽ - ഉത്സാഹത്താൽ. കുതുകം- ഉത്സാഹം

കുമിച്ചിടുക - കൂട്ടിയിടുക

കേവഞ്ചി - ചെറിയ വള്ളം

കൊളോണിയൽ - കോളനിയെ സംബന്ധിച്ചത് (Colonial)

കോളനിവാഴ്ച - സാമ്രാജ്യശക്തികളുടെ ഭരണം

കൃതാർഥത - ചെയ്ത പ്രവൃത്തിയിലുള്ള തൃപ്തി, കൃതമായ അർഥത്തോടുകൂടിയ അവസ്ഥ

| | | |
|---|---|---|
| ക്ഷീരസാഗരശയനൻ | - | പാൽക്കടലിൽ ശയിക്കുന്നവൻ, മഹാവിഷ്ണു |
| **ഖ** | | |
| ഖജനാവ് | - | ഭണ്ഡാരം, ട്രഷറി |
| ഖുബ്ബൂസ് (അറബിവാക്ക്) | - | റൊട്ടി, പത്തിരി |
| ഖരഹരപ്രിയ | - | കർണാടകസംഗീതത്തിലെ ഒരു രാഗം |
| **ഗ** | | |
| ഗോസായി | - | ഭിക്ഷ യാചിച്ച് നടക്കുന്നയാൾ |
| **ച** | | |
| ചകലാസ് | - | കമ്പിളിപ്പുതപ്പ് |
| ചാർച്ചക്കാർ | - | ബന്ധുക്കൾ |
| ചിക്കെന്ന് | - | പെട്ടെന്ന് |
| ചിത്തതാര് | - | ചിത്തമാകുന്ന പൂവ്, ചിത്തം-മനസ്സ് |
| **ഞ** | | |
| ഞാറ്റുവേല | - | സൂര്യന്റെ സ്ഥിതി, സൂര്യൻ ഓരോ നക്ഷത്രത്തിലും നിൽക്കുന്ന കാലം,<br>വേല - വേള |
| **ത** | | |
| തപ്തം | - | തപിക്കപ്പെട്ടത്, ചുട്ട |
| തപോനിഷ്ഠ | - | തപസ്സിന്റെ നിഷ്ഠ (നിഷ്ഠ - ഉറപ്പ്, കണിശം) |
| തയ്യൽ | - | പെൺകുട്ടി |
| തിക്തഫലം | - | കയ്പുള്ള അനുഭവം (കയ്പുള്ള കായ) |
| തഥൈവ | - | അങ്ങനെതന്നെ |
| തുടരണിമണി | - | കഴുത്തിൽ കെട്ടിയ മണി (തുടര് - ചങ്ങല)- തുടരിൽ അണിഞ്ഞ മണി. 'അണി'ക്കു 'സുന്ദരമായ' എന്നും അർഥമുണ്ട്. തുടരിലെ മനോഹരമായ മണി. |
| തേറിനാൻ | - | അവൻ വിശ്വസിച്ചു, അവൻ അറിഞ്ഞു |
| **ദ** | | |
| ദർപ്പണം | - | കണ്ണാടി |
| **ധ** | | |
| ധാത്രി | - | വളർത്തമ്മ |
| **ന** | | |
| നാഭി | - | പൊക്കിൾ |
| നിവേദ്യം | - | ദേവന് അർപ്പിക്കാനുള്ള ഭക്ഷണവസ്തു |
| നിശീഥനിശ്ശബ്ദത | - | രാത്രിയിലെ നിശ്ശബ്ദത |
| നിസ്സംഗത | - | ഒന്നിനോടും ചേരാത്ത അവസ്ഥ, വിരക്തി |
| നീഡം | - | പക്ഷിക്കൂട് |
| **പ** | | |
| പച്ചപ്പരമാർഥം | - | പച്ചയായ സത്യം |
| പച്ചയും കിരീടവുമണിഞ്ഞ | - | മുഖത്ത് പച്ച (മനയോല) തേച്ച് കിരീടവുമണിഞ്ഞ്. |
| പഞ്ചമവേദം | - | മഹാഭാരതം- മഹാഭാരതത്തെ അഞ്ചാമത്തെ വേദമായി കണക്കാക്കുന്നു. |
| പട്ടിണിയും പരിവട്ടവും | - | ദാരിദ്ര്യവും ദുരിതങ്ങളും |

| | | |
|---|---|---|
| പട്ടാണി | – | ഒരു മുസ്‌ലിം വിഭാഗം (പ്രദേശനാമവുമായി ബന്ധപ്പെട്ടു ണ്ടായ വാക്ക്) പഠാൻ |
| പത്രവസ്ത്രം | – | ഇലകൊണ്ടുള്ള വസ്ത്രം |
| പന്തിപ്പായ | – | പന്തിയിൽ ഇരിക്കാൻ വിരിക്കുന്ന നീണ്ട പായ |
| പരിച്ഛേദിക്കുക | – | മുറിക്കുക, നിശ്ചയിക്കുക |
| പരിഷ | – | കൂട്ടർ, കൂട്ടം (പരിഷത് എന്ന സംസ്കൃത പദത്തിൽ നിന്നുണ്ടായത്) |
| പാടവഹീന | – | സാമർഥ്യമില്ലാത്തവൾ |
| പിതൃനിർവിശേഷം | – | പിതാവിന്റേതുപോലുള്ള |
| പിശകിവാങ്ങുക | – | വിലപേശി വാങ്ങുക |
| പൂപ്പൊലിപ്പാട്ട് | – | ഓണക്കാലത്ത് പൂപറിക്കാൻ പോകുമ്പോൾ കുട്ടികൾ പാടുന്ന പാട്ട് |
| പുഷ്ടിപ്പെടുത്തുക | – | മെച്ചപ്പെടുത്തുക |
| പൂമുഖം | – | ഉമ്മറം, വീടിന്റെ മുൻവശം |
| പോച്ച (പ്രാദേശികപദം) | – | പുല്ല് |
| പോരും | – | മതിയാകും |
| പ്രതീകം | – | ആശയത്തെ പ്രതിനിധീകരിക്കുന്നത് |
| പ്രത്യാഘാതം | – | തിരിച്ചടി (പ്രതി + ആഘാതം) |
| പ്രലോഭിപ്പിക്കുക | – | മോഹിപ്പിക്കുക |
| പ്രവാസി | – | ജന്മനാട് വിട്ട് അന്യനാട്ടിൽ താമസിക്കുന്ന ആൾ |
| **ബ** | | |
| ബഹിർഭാഗം | – | പുറത്തെ ഭാഗം (× അന്തർഭാഗം) |
| ബിംബം | – | ആശയത്തിന്റെയോ വസ്തുവിന്റെയോ പ്രതീതി ഉളവാക്കുന്ന പ്രതീകം (സാഹിത്യത്തിൽ ഉപയോഗിക്കുന്ന സവിശേഷ മായ അർഥത്തിൽ) വിഗ്രഹം എന്നു പദാർഥം |
| ബ്രഹ്മജ്ഞാനം | – | ബ്രഹ്മത്തെ സംബന്ധിച്ച അറിവ് |
| ബ്രഹ്മലോകം | – | സത്യലോകം |
| **ഭ** | | |
| ഭാവനാമണിപത്തനം | – | ഭാവനയാകുന്ന മനോഹരപട്ടണം |
| **മ** | | |
| മധുരദർശനം | – | സുന്ദരമായ കാഴ്ച |
| മലനാട് | – | കേരളം, മലമ്പ്രദേശം |
| മസറ | – | കൃഷിസ്ഥലം, മേച്ചിൽസ്ഥലം |
| മുഖരിതം | – | ഒച്ചപ്പെടുന്നത്, ശബ്ദത്തോടു കൂടിയത് |
| മുശട് | – | ശല്യമുണ്ടാക്കുന്ന, ദുർഗന്ധം |
| മൂർച്ഛ | – | മോഹാലസ്യം (ബോധക്കേട്) |
| മേട് | – | കുന്ന് |
| മേൽക്കൈ | – | നേതൃത്വം, മുൻകൈ, ആധിപത്യം |
| മൊഞ്ചത്തി | – | സുന്ദരി (മൊഞ്ച്- ഭംഗി) |
| **ല** | | |
| ലജ്ജ | – | നാണം |

## വ

| | | |
|---|---|---|
| വക്ത്രം | - | വായ്, മുഖം |
| വർണവിവേചനം | - | തൊലിയുടെ നിറത്തിന്റെ അടിസ്ഥാനത്തിലുള്ള വിവേചനം |
| വാട | - | ദുഷിച്ച ഗന്ധം, ചൂര് |
| വാത്സല്യദുഗ്ധം | - | വാത്സല്യമാകുന്ന പാൽ, ദുഗ്ധം - പാൽ |
| വായ്പ്പിക്കുക | - | വർധിപ്പിക്കുക |
| വിചിന്തനതന്തു | - | ചിന്താതന്തു, തന്തു - നൂല് |
| വിജാതീയം | - | വ്യത്യസ്ത ജാതിയിലുള്ളത്, മറ്റുജാതിയിൽ പെട്ടത് |
| വിജാതീയമാനം | - | വ്യത്യസ്തതലം |
| വിൺപിച്ചകച്ചെടി | - | ആകാശത്തിലെ പിച്ചകച്ചെടി |
| വിപദിധൈര്യം | - | ആപത്ഘട്ടങ്ങളിൽ പ്രകടമാകുന്ന ധൈര്യം |
| വെടിവട്ടം | - | നേരമ്പോക്കുപറച്ചിൽ |

## ശ

| | | |
|---|---|---|
| ശീകരം | - | വെള്ളത്തുള്ളി |
| ശുഷ്കശരീരൻ | - | മെലിഞ്ഞവൻ |
| ശ്രാവണപുഷ്പം | - | ശ്രാവണത്തിലെ പൂവ്, ശ്രാവണം - ഓണം - ചിങ്ങം |

## സ

| | | |
|---|---|---|
| സാന്ദ്രത | - | ഇടതൂർന്ന അവസ്ഥ |
| സമര്യാദം | - | മര്യാദയോടുകൂടി |
| സുതാപം | - | നല്ല ചൂട്, വലിയ ദുഃഖം |
| സുമാർ | - | ഏകദേശം |
| സുവിശേഷകർ | - | മതപ്രഭാഷകർ |
| സൊള്ളിക്കുക | - | നേരമ്പോക്കു പറയുക |
| സൗഭഗം | - | സൗന്ദര്യം |
| സ്വകീയർ | - | സ്വന്തം ആളുകൾ |
| സ്വത്വവെണ്മ | - | ആത്മാവിന്റെ വെണ്മ |
| സ്വരുക്കൂട്ടുക | - | ഒന്നിച്ചുകൂട്ടുക |
| സ്നാനപ്പെടുത്തുക | - | ജ്ഞാനസ്നാനം ചെയ്യിക്കുക |

## ഹ

| | | |
|---|---|---|
| ഹൂറി (അറബിപദം) | - | സ്വർഗത്തിലെ സുന്ദരി |
| ഹംസശുഭ്ര | - | അരയന്നംപോലെ വെളുത്ത |

# ഗ്രന്ഥകർത്താക്കളും കൃതികളും

**അർണോസ് പാതിരി (1681–1732)**

പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളത്തിലെത്തിയ ക്രൈസ്തവമിഷണറി. സ്വദേശം ജർമനിയുടെ വടക്കുപടിഞ്ഞാറുഭാഗത്തുള്ള ഓസ്റ്റർ കാപ്ലെൻ. ശരിയായ പേര് ജോൺ ഏണസ്റ്റ് ഹാങ് സൽഡൻ. മതപ്രചാരണത്തിനെത്തിയ പാതിരി സംസ്കൃതത്തിൽ അവഗാഹം നേടുകയും മലയാളത്തിൽ കവിത രചിക്കുകയും ചെയ്തു. ബൈബിൾക്കഥകൾ ആദ്യമായി മലയാളത്തിൽ കൊണ്ടുവന്നത് അദ്ദേഹമാണ്. കൂതാശപ്പാന, ഉമ്മാടെ ദുഃഖം, ദേവമാതാവിന്റെ വ്യാകുലപ്രബന്ധം, ചതുരന്ത്യം എന്നിവയാണ് പ്രധാന കാവ്യകൃതികൾ.

**വള്ളത്തോൾ നാരായണമേനോൻ (1878–1958)**

ആധുനിക കവിത്രയത്തിലൊരാൾ. മലപ്പുറം ജില്ലയിലെ ചേന്നരയിൽ വള്ളത്തോൾവീട്ടിൽ ജനിച്ചു. ദേശീയബോധത്തിന്റെയും പ്രകൃതിസൗന്ദര്യത്തിന്റെയും കവി. പ്രതിപാദ്യത്തിൽ വൈവിധ്യവും പ്രതിപാദനത്തിൽ വൈചിത്ര്യവും പുലർത്തിക്കൊണ്ട് ഭാവഗീതങ്ങൾ മുതൽ മഹാകാവ്യം വരെ രചിച്ച് മലയാളകവിതയെ സമ്പുഷ്ടമാക്കി. വാല്മീകിരാമായണം, ഋഗ്വേദം, ഭാസന്റെയും കാളിദാസന്റെയും നാടകങ്ങൾ തുടങ്ങി ധാരാളം കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. ബന്ധനസ്ഥനായ അനിരുദ്ധൻ, മഗ്ദലനമറിയം, ശിഷ്യനും മകനും, അച്ഛനും മകളും തുടങ്ങിയ ഖണ്ഡകാവ്യങ്ങൾ ചിത്രയോഗം മഹാകാവ്യം, സാഹിത്യമഞ്ജരിയെന്നപേരിൽ പതിനൊന്നു കവിതാസമാഹാരങ്ങൾ എന്നിവയൊക്കെയാണ് വള്ളത്തോളിന്റെ പ്രധാന കൃതികൾ. കേരള കലാമണ്ഡലം സ്ഥാപിക്കുന്നതിലും കഥകളിപ്രസ്ഥാനത്തിന് പ്രചാരം നേടിക്കൊടുക്കുന്നതിലും പ്രധാന പങ്കുവഹിച്ചു. പത്മഭൂഷൺ ബഹുമതി ലഭിച്ചിട്ടുണ്ട്.

**വി.ടി. ഭട്ടതിരിപ്പാട് (1896 – 1982)**

സാഹിത്യകാരനും സമൂഹപരിഷ്കർത്താവും. പാലക്കാടു ജില്ലയിലെ മേഴത്തൂരിൽ വെള്ളിത്തിരുത്തിത്താഴത്തു മനയിൽ ജനിച്ചു. നമ്പൂതിരിസമുദായത്തിലെ പരിഷ്കരണശ്രമങ്ങൾക്കു നേതൃത്വം നൽകി. സ്ത്രീകൾ അനുഭവിച്ചുപോന്ന ദുരിതങ്ങൾക്കെതിരേ ശബ്ദമുയർത്തി. സമുദായത്തിലെ ആദ്യത്തെ വിധവാവിവാഹത്തിനും മിശ്രവിവാഹത്തിനും നേതൃത്വം നൽകി. യോഗക്ഷേമസഭയിലും ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലും പ്രവർത്തിച്ചു. സമൂഹപരിഷ്കരണം ലക്ഷ്യം വച്ചെഴുതിയ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം പ്രശസ്തമാണ്. 'കണ്ണീരും കിനാവും' എന്ന ആത്മകഥയ്ക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. രജനീരംഗം (കഥകൾ); സത്യമെന്നത് ഇവിടെ മനുഷ്യനാകുന്നു, വെടിവട്ടം, കാലത്തിന്റെ സാക്ഷി, വി.ടിയുടെ ഉപന്യാസങ്ങൾ (ഉപന്യാസങ്ങൾ); കർമവിപാകം (ആത്മകഥ) എന്നിവയാണ് മറ്റു പ്രധാന കൃതികൾ.

**പി. കുഞ്ഞിരാമൻനായർ (1906 – 1978)**

പ്രകൃത്യുപാസകനായ കവി. കാസർകോട് ജില്ലയിൽ കാഞ്ഞങ്ങാട് വെള്ളിക്കോത്ത് പനയന്തട്ട വീട്ടിൽ ജനിച്ചു. അധ്യാപകനായിരുന്നു. കേരളത്തിന്റെ സാംസ്കാരികപൈതൃകവും പ്രകൃതിലാവണ്യവുമാണ് അദ്ദേഹത്തിന്റെ കവിതയുടെ മൗലികഭാവങ്ങൾ. കളിയച്ഛൻ, സൗന്ദര്യപൂജ, പൂമൊട്ടിന്റെ കണി, നരബലി, ആ മലനാടൻ മങ്കമാർ, ചന്തപിരിഞ്ഞിട്ടും, പുള്ളുവപ്പെൺകൊടി, മൺകുടത്തിന്റെ വില തുടങ്ങിയ കവിതകളെല്ലാം ഏറെ പ്രസിദ്ധമാണ്. താമരത്തോണി, താമരത്തേൻ, വസന്തോത്സവം, രഥോത്സവം, ഓണപ്പൂവ്, നിറപറ (കവിതാസമാഹാരങ്ങൾ); എന്നെത്തിരയുന്ന ഞാൻ, കവി

യുടെ കാൽപാടുകൾ, നിത്യകന്യകയെത്തേടി (ആത്മകഥകൾ) തുടങ്ങി എഴുപതിലേറെ കൃതികൾ രചിച്ചു. കേരള-കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ നേടിയിട്ടുണ്ട്.

### വൈലോപ്പിള്ളി ശ്രീധരമേനോൻ (1911 – 1985)

കാല്പനികതയിൽ നിന്നും മലയാളകവിതയെ യാഥാർഥ്യത്തിന്റെ പരുക്കൻപ്രതലങ്ങളിലേക്ക് നയിച്ചവരിൽ പ്രധാനി. എറണാകുളം ജില്ലയിലെ കലൂരിൽ ജനിച്ചു. ശാസ്ത്രാധ്യാപകനായിരുന്നു. മാമ്പഴം, സഹ്യന്റെ മകൻ, കണ്ണീർപ്പാടം, ഊഞ്ഞാലിൽ, പന്തങ്ങൾ, ചേറ്റുപുഴ, കാക്ക തുടങ്ങി ഒട്ടേറെ പ്രസിദ്ധകവിതകളുടെ കർത്താവ്. കന്നിക്കൊയ്ത്ത്, ശ്രീരേഖ, ഓണപ്പാട്ടുകാർ, കുന്നിമണികൾ, വിത്തും കൈക്കോട്ടും, കടൽക്കാക്കകൾ, കുരുവികൾ, കയ്പവല്ലരി, വിട, മകരക്കൊയ്ത്ത്, മിന്നാമിന്നി, പച്ചക്കുതിര, കൃഷ്ണമൃഗങ്ങൾ, അന്തിചായുന്നു തുടങ്ങിയവ കവിതാസമാഹാരങ്ങളാണ്. കുടിയൊഴിക്കൽ (ഖണ്ഡകാവ്യം), കാവ്യലോകസ്മരണകൾ (ആത്മകഥ) എന്നിവയാണ് മറ്റു പ്രധാന കൃതികൾ. കേരള-കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ നേടി.

### ആറ്റൂർ രവിവർമ

ആധുനിക കവികളിൽ പ്രമുഖൻ. 1930-ൽ തൃശ്ശൂർ ജില്ലയിലെ ആറ്റൂരിൽ ജനിച്ചു. അധ്യാപകനായിരുന്നു. മേഘരൂപൻ, സംക്രമണം, കാൻസർ, നാട്ടിൽ പാർക്കാത്ത ഇന്ത്യാക്കാരൻ എന്നിവ അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ചില കവിതകളാണ്. കവിത, ആറ്റൂർ രവിവർമയുടെ കവിതകൾ (രണ്ടു ഭാഗം) എന്നിവയാണ് കവിതാസമാഹാരങ്ങൾ. തമിഴിൽ നിന്നു നോവലുകളും കവിതകളും പരിഭാഷപ്പെടുത്തി. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

### ഒ.എൻ.വി. കുറുപ്പ്

ജ്ഞാനപീഠപുരസ്കാരം നേടിയ കവി. 1931- ൽ കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു. നാടൻശീലുകളോടുള്ള ആഭിമുഖ്യം, ഗാനാത്മകത, ലയഭംഗി, ആശയസമ്പുഷ്ടി എന്നിവ ഒ.എൻ.വി. കവിതകളുടെ സവിശേഷതകൾ. ചലച്ചിത്രഗാനരചയിതാവ് എന്ന നിലയിലും പ്രശസ്തനാണ്. ഒരുതുള്ളി വെളിച്ചം, മയിൽപ്പീലി, അഗ്നിശലഭങ്ങൾ, കറുത്തപക്ഷിയുടെ പാട്ട്, ഉജ്ജയിനി, ഭൂമിക്കൊരു ചരമഗീതം, അഗ്നിശലഭങ്ങൾ, അക്ഷരം, ഉപ്പ്, ഭൈരവന്റെ തുടി, സ്വയംവരം തുടങ്ങിയവ പ്രധാന കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

### ഗൂഗിവാ തിഓംഗോ

1938 – ൽ ജനിച്ചു. കെനിയയിലെ വിഖ്യാത നോവലിസ്റ്റ്, മുൻ രാഷ്ട്രീയത്തടവുകാരൻ, നാടകകൃത്ത്, അധ്യാപകൻ. ഭാഷയുടെ തലത്തിൽ അധിനിവേശത്തിനെതിരേ ധീരമായ പരീക്ഷണങ്ങൾ നടത്തി. ഇംഗ്ലീഷ് ഉപേക്ഷിച്ച് സ്വന്തം ജനതയുടെ ഭാഷയായ ഗികുയുവിൽ രചനകൾ നടത്തി. 'എനിക്കുതോന്നുമ്പോൾ വിവാഹിതനാകും' എന്ന നാടകമെഴുതിയതിന് 1980- ൽ തടവിലടയ്ക്കപ്പെട്ടു. ഗികുയു ഭാഷയിൽ ആദ്യ ആധുനിക നോവൽ 'കെയ്താനി മുത്ഹർബയിനി' പ്രസിദ്ധീകരിച്ചു. വീപ് നോട്ട് ചൈൽഡ്, ദ റിവർ ബിറ്റ്വീൻ, ദ ഗ്രെയിൻ ഓഫ് വീറ്റ്, ദി ടൈം ടുമോറോ സീക്രട്ട് ലൈവ്സ്, പെറ്റൽസ് ഓഫ് ബ്ലഡ്, കയ്താനി മുത്ഹർബയിനി, ബാരൽ ഓഫ് എ പെൻ, ഡികോളനൈസിങ് ദ മൈൻഡ്, മദർ സിങ് ഫോർ മി, വിസാർഡ് ഓഫ് എ ക്രോ എന്നിവയാണ് പ്രധാന കൃതികൾ.

### ഇ. ഹരികുമാർ

പ്രശസ്ത ചെറുകഥാകൃത്ത്. 1943-ൽ പൊന്നാനിയിൽ ജനിച്ചു. കൂറകൾ, ദിനോസറിന്റെ കുട്ടി, ശ്രീഷഭത്തിന്റെ കണ്ണ്, കുങ്കുമം വിതറിയ വഴികൾ, സൂക്ഷിച്ചുവച്ച മയിൽപ്പീലി, പച്ചപ്പയ്യിനെ പിടിക്കാൻ, നഗരവാസിയായ ഒരു കുട്ടി തുടങ്ങിയവയാണ് കഥാസമാഹാരങ്ങൾ. പ്രണയത്തിനൊരു സോഫ്ട്വെയർ, കൊച്ചമ്പ്രാട്ടി തുടങ്ങിയ നോവലുകളും രചിച്ചിട്ടുണ്ട്. 'ദിനോസറിന്റെ കുട്ടി'ക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

**സച്ചിദാനന്ദൻ**

ആധുനിക കവികളിൽ പ്രമുഖൻ. 1946–ൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ ജനിച്ചു. അധ്യാപകൻ, നിരൂപകൻ, വിവർത്തകൻ എന്നീ നിലകളിലും പ്രശസ്തനാണ്. കേന്ദ്രസാഹിത്യ അക്കാദമി സെക്രട്ടറിയായിരുന്നു. അഞ്ചു സൂര്യൻ, എഴുത്തച്ഛനെഴുതുമ്പോൾ, കവി ബുദ്ധൻ, പീഡനകാലം, വീടുമാറ്റം, ഇവനെക്കൂടി, മലയാളം, ദേശാടനം തുടങ്ങിയവ പ്രധാന കൃതികൾ. ലോകകവിതകളുടെയും ഇന്ത്യൻ കവിതകളുടെയും പരിഭാഷാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

**ബെന്യാമിൻ**

നോവലിസ്റ്റ്, കഥാകൃത്ത്. ജനനസ്ഥലം പത്തനംതിട്ട ജില്ലയിലെ കുളനട. ബഹ്റൈനിൽ ജോലി ചെയ്യുന്നു. യൂത്തനേസിയ, പെൺമാറാട്ടം (കഥാസമാഹാരങ്ങൾ); പ്രവാചകന്മാരുടെ രണ്ടാം പുസ്തകം, ആടുജീവിതം, അക്കപ്പോരിന്റെ ഇരുപത് നസ്രാണിവർഷങ്ങൾ, അബീശഗിൻ (നോവലുകൾ); ഇരുണ്ട വനസ്ഥലികൾ (കുറിപ്പുകൾ) എന്നിവ കൃതികൾ. 'ആടുജീവിതം' കേരള സാഹിത്യ അക്കാദമി അവാർഡ് നേടി.

**കലാപ്രിയ**

തമിഴിലെ ആധുനിക കവികളിൽ പ്രമുഖൻ. 1950–ൽ ജനിച്ചു. യഥാർഥപേര് ടി.കെ സോമസുന്ദരം. കലാപ്രിയ എന്നത് തൂലികാനാമമാണ്. ബാങ്ക് ഉദ്യോഗസ്ഥൻ. വെള്ളം, തീർഥയാത്രൈ, എട്ടായപുരം, കലാപ്രിയാകവിതകൾ എന്നിവ പ്രധാന കവിതാസമാഹാരങ്ങളാണ്.

**റഫീക്ക് അഹമ്മദ്**

പുതുതലമുറയിലെ ശ്രദ്ധേയനായ കവി. 1961 –ൽ തൃശ്ശൂർ ജില്ലയിലെ അക്കിക്കാവിൽ ജനിച്ചു. പാരമ്പര്യവും പുതുമയും കൂട്ടിച്ചേർത്തതാണ് രചനാരീതി. പാറയിൽ പണിഞ്ഞത്, സ്വപ്നവാങ്മൂലം, ആൾമറ, ചീട്ടുകളിക്കാർ, ഗ്രാമവൃക്ഷത്തിലെ വവ്വാൽ, ശിവകാമി എന്നിവയാണ് കവിതാസമാഹാരങ്ങൾ. ചലച്ചിത്രഗാനരചയിതാവ് എന്ന നിലയിലും പ്രസിദ്ധനാണ്. കേരള സാഹിത്യ അക്കാദമി അവാർഡും ചലച്ചിത്ര ഗാനരചനയ്ക്കുള്ള സംസ്ഥാന അവാർഡും ലഭിച്ചിട്ടുണ്ട്.

•